# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൊറയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.22/2633/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 20/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൊറയൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.22/2633/2023 തീയ്യതി: 20/12/2023

## മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-11-2022 മുതൽ 15-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 06-11-2023 | 14-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-11-2023 | 14-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.അബ്ദുൾ സത്താർ സി പി, ഓഡിറ്റ് ഓഫീസർ

ശ്രീ.ഫസലുറഹ്മാൻ എം ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. ലത. ഒ. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സക്കീന കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുനീറ പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ എം.മജീദ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രജിത കുമാരി എൻ വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ. വിനു എം നമ്പൂതിരി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.സയ്യിദ് നസീറുല്ല | മെഡിക്കൽ ഓഫീസർ (അലോപതി) | 01-04-2022 | 28-04-2022 |
| ഡോ.ഫുഹദ് കെ | മെഡിക്കൽ ഓഫീസർ (അലോപതി) | 29-04-2022 | 12-05-2022 |
| ഡോ.സയ്യിദ് ഫസൽ കെ പി | മെഡിക്കൽ ഓഫീസർ (അലോപതി) | 13-05-2022 | 31-03-2023 |
| ഡോ.ആയിഷ ഹസ്ന നാനാക്കൽ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി കലാകുമാരി എസ്.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. പ്രജീഷ് പി | വി.ഇ.ഒ | 01-04-2022 | 27-08-2022 |
| ശ്രീ. സന്തോഷ് പി | വി.ഇ.ഒ | 28-08-2022 | 31-03-2023 |
| ശ്രീ . മുഹമ്മദ് അബ്ദുൾ റഷീദ് | ഹെഡ്മാസ്റ്റർ | 01-04-2022 | 30-06-2022 |
| ശ്രീ . സുനിൽകുമാർ സി | ഹെഡ്മാസ്റ്റർ | 01-07-2022 | 31-03-2023 |
| ശ്രീ. ജലാലുദ്ദീൻ കെ | അസിസ്റ്റന്റ് എഞ്ചിനിയർ (ദിവസ വേതനം) | 01-04-2022 | 15-07-2022 |
| ശ്രീ. ബിബിൻ തോമസ് | അസിസ്റ്റന്റ് എഞ്ചിനിയർ ഇൻ ചാർജ് | 16-07-2022 | 31-08-2022 |
| ശ്രീ. ഉസ്മാൻ പി കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-09-2022 | 30-11-2022 |
| ശ്രീമതി. ഷെബിൻ ടി.പി | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീ. അബ്ദുസ്സലാം ആലങ്ങാടൻ | കൃഷി ഓഫീസർ ഇൻ ചാർജ് | 30-07-2022 | 31-07-2022 |
| ശ്രീ. സമീർ അഹമ്മദ് | കൃഷി ഓഫീസർ | 01-12-2022 | 01-03-2023 |
| ശ്രീമതി. ഇർഫാന കെ | കൃഷി ഓഫീസർ | 02-03-2023 | 31-03-2023 |
| ഒഴിവ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-12-2022 | 11-12-2022 |
| ശ്രീ. അബ്ദുൽ ഷുക്കൂർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സുധ. എസ്. | കൃഷി ഓഫീസർ | 01-08-2022 | 30-11-2022 |
| ഒഴിവ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-12-2022 | 11-12-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-2 |
| 4 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം | 1-1-3 |
| 5 | Excess Of Inocme Over Expenditure-തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ചെലവുകൾ യഥാർത്ഥ ഹെഡിൽ ബുക്ക് ചെയ്യുന്നില്ല. | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | ഗ്രാന്റ് ഇന ചെലവ് വാർഷിക കണക്ക്, എ സി ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല | 1-4-1 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-11 |
| 18 | തനത് വരുമാന സമാഹരണം-അവലോകനം | 1-12 |
| 19 | ചട്ടത്തിന് വിരുദ്ധമായി മിച്ച ഫണ്ട് നിക്ഷേപിച്ചു. | 1-13 |
| 20 | കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം | 1-14 |
| 21 | തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 1-15 |
| 22 | സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ - തുടർ നടപടി സ്വീകരിച്ചിട്ടില്ല. | 1-16 |
| 23 | അനധികൃ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയ വിവരം ലഭ്യമാക്കണം. | 1-17 |
| 24 | IKM സോഫ്റ്റ്‌വെയറുകൾ - ഓഡിറ്റിന് ലോഗിൻ ലഭ്യമല്ല- പരിശോധന സാധിക്കുന്നില്ല. | 1-18 |
| 25 | ബക്കറ്റ് കമ്പോസ്റ്റ് -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-19 |
| 26 | വീട് വാസയോഗ്യമാക്കൽ പദ്ധതി-സർക്കാർ മാർഗ്ഗരേഖ പാലിച്ചില്ല. | 1-20 |
| 27 | പരിരക്ഷ പദ്ധതി -അപാകതകൾ | 1-21 |
| 28 | മരുന്നുകൾ മുഴുവനും ലഭ്യമായില്ല | 1-22 |
| 29 | എസ്.എസ്.കെ വിഹീതം അടവാക്കൽ -രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-23 |
| 30 | ചെലവു രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല - | 1-24 |
| 31 | ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ കാലതാമസമുണ്ടായി | 1-25 |
| 32 | വനിതാ വ്യവസായ കേന്ദ്രത്തിലേയ്ക്ക് വാങ്ങിയ ഉപകരണങ്ങൾ രേഖാമൂലം കൈമാറിയതിന്റെ/ കൈപ്പറ്റിയതിന്റെ വിവരം ലഭ്യമല്ല. | 1-26 |
| 33 | അംഗനവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു . | 1-27 |
| 34 | സ്കോളർഷിപ്പ് വിതരണം- ഭിന്നശേഷിക്കാരുടെ ഡാറ്റാ രജിസ്റ്റർ തയ്യാറാക്കിയില്ല | 1-28 |
| 35 | പഞ്ചായത്ത് ഹാളിലേയ്ക്ക് ഫർണീച്ചർ വാങ്ങൽ– വിവരം ലഭ്യമാക്കേണ്ടതാണ്. | 1-29 |
| 36 | ഭിന്നശേഷി ഫിസിയോതെറാപ്പി സെന്റർ,പകൽ വിശ്രമകേന്ദ്ര എന്നിവിടങ്ങളിലേയ്ക്ക് വാങ്ങിയ ഉപകരണങ്ങൾ രേഖാമൂലം കൈമാറിയതിന്റെ / കൈപ്പറ്റിയതിന്റെ വിവരം ലഭ്യമല്ല. | 1-30 |
| 37 | അംഗവനവാടി സ്മാർട്ട് ആക്കൽ : പദ്ധതി നിർവഹണത്തിലെ അപാകതകൾ | 1-31 |
| 38 | കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല. | 1-32 |
| 39 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-33 |
| 40 | അധികം നൽകിയ ₹ 13669 തിരിച്ചടച്ചു. | 1-34 |
| 41 | ഗുണഭോക്തൃ കമ്മിറ്റി പ്രവൃത്തി - ചെലവ് പെരുപ്പിച്ച് കാണിച്ചു- ₹ 65901 അധികച്ചെലവ് | 1-35 |
| 42 | ഡ്രൈനേജ് മണ്ണ് നീക്കൽ - ഉയർന്ന നിരക്ക് നല്കി | 1-36 |

| | | |
|---|---|---|
| 43 | കരിങ്കൽക്കെട്ട് പൊളിക്കുന്നതിന് അധിക നിരക്ക് നൽകി₹ 6025 അധികച്ചെലവ് | 1-37 |
| 44 | സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി. | 1-38 |
| 45 | ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-39 |
| 46 | രസീതിബുക്ക് കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ (വെറ്ററിനറി സർജൻ) | 1-40 |
| 47 | വെറ്ററിനറി സർജൻ- സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നില്ല. | 1-41 |
| 48 | വാങ്ങൽ നടപടികൾ പാലിക്കാതെ കാർഷിക സാമഗ്രികൾ വാങ്ങി. | 1-42 |
| 49 | പശ്ചിമ ഘട്ട വികസന പദ്ധതി- പഞ്ചായത്ത് വിഹിതം- വിശദാംശങ്ങൾ ലഭ്യമല്ല. | 1-43 |
| 50 | മിനി എം.സി.എഫ് സ്ഥാപിക്കൽ -അധികം നൽകിയതുക തിരിച്ചടച്ചു. | 1-44 |
| 51 | ഓപ്പൺ ജിം- സർക്കാർ ഉത്തരവിന് വിരുദ്ധമായി നിർമ്മിതി കേന്ദ്ര മുഖേന നടപ്പാക്കി. | 1-45 |
| 52 | ഹരിതകർമ്മ സേന വാഹനം ഉപയോഗിക്കുന്നില്ല – പണം പാഴ്ച്ചെലവ് | 1-46 |
| 53 | ഹരിതകർമ്മസേന അവലോകനം | 1-47 |
| 54 | പാലിയേറ്റീവ് ബാങ്ക് അക്കൗണ്ട്- രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. | 1-48 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഗുണഭോക്തൃ കമ്മിറ്റി പ്രവൃത്തി - ചെലവ് പെരുപ്പിച്ച് കാണിച്ചു- ₹ 65901 അധികച്ചെലവ് | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മൊറയൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 3(1)/10.07.2023 തീരുമാനം പ്രകാരം തയ്യാറാക്കി 22.08.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മൊറയൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മൊറയൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം

തീയതി :

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 80)

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ, മുൻ വർഷത്തെ താരതമ്യ തുകകൾ (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (ഇ), (എഫ്) , 62 (3) എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-3 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ20,505,762/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം2,487,844 /-രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-4 Excess Of Inocme Over Expenditure-തുകകൾ പൊരുത്തപെടുന്നില്ല.

ട്രയൽ ബാലൻസിൽ 310900101 – Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് (42708537.2) ബാലൻഷീറ്റ് B-1 ഷെഡ്യൂളിലെ 310900101 – Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പുമായി(50205656) പൊരുത്തപ്പെടുന്നില്ല.

### 1-1-5 ചെലവുകൾ യഥാർത്ഥ ഹെഡിൽ ബുക്ക് ചെയ്യുന്നില്ല.

1. ഡെപ്പോസിറ്റ് വർക്കിനായി 178/23,77/23,40/23,309/23 എന്നീ പ്രോജക്ടുകൾ പ്രകാരം സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി

865637/-രൂപ, കെ എസ് ഇ ബിക്ക് അഡ്വാൻസായി നൽകിയിട്ടുണ്ട്. ഇത് വാർഷിക കണക്കിൽ (460500202) Advance To Implementing Agency-Deposit With KSEB എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ഡെപ്പോസിറ്റ് വർക്കിനായി 346/23 എന്ന പ്രോജക്ട് പ്രകാരം കുഴൽ കിണർ നിർമ്മിക്കുന്നതിനായി 627484 /-രൂപ, GWD ക്ക് അഡ്വാൻസായി നൽകിയിട്ടുണ്ട്. ഇത് വാർഷിക കണക്കിൽ (460500204) Advance To Implementing Agency-Deposit With GWD എന്ന
ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1/1 തീയതി. 24.03.2022 | 1/1 തീയതി17.12.2023 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 56353739 |
| വരവ് | 147053527<br>(Rp Receipt+1-4 Expenditure(except Tied,untied Rp 30)+b Fund+nregs Expenditure Except Admin) |
| ആകെ | 203407266 |
| ചെലവ് | 144565683 |
| നീക്കിയിരിപ്പ് | 58841583 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19104138 | 19104138 | 19104138 | 0 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 4931759 | 4931759 | 3666342 | 1265417 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 8744000 | 8744000 | 6553334 | 2190666 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 5932000 | 5932000 | 4646007 | 1285993 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 7352348 | 7352348 | 4371713 | 2980635 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 4160274 | 4160274 | 4768560 | -608286 |
| ബി ഫണ്ട് | 0 | 42229200 | 42229200 | 42229200 | 0 |

### 1-4-1 ഗ്രാന്റ് ഇന ചെലവ് വാർഷിക കണക്ക്, എ സി ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

ചുവടെ ചേർത്ത ഗ്രാന്റ് ഇനങ്ങളിലെ ചെലവ് ACR,AFS എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഗ്രാന്റ് ഇനം | ACR പ്രകാരം | AFS പ്രകാരം(I6+B3) | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 19104138 | 20845549+1087419=21932968 | 2828830 |
| വികസനഫണ്ട് (എസ്.സി.പി.) | 3666342 | 4585663 | 919321 |
| അൺ ടൈഡ്(CFC) | 4768560 | 4526307+242483=4768790 | 230 |

| | | | |
|---|---|---|---|
| ടൈഡ്(CFC) | 4371713 | 2916531+1121919=4038450 | 333263 |
| റോഡ് | 6553334 | 5734481 | 818853 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 283 | 119941331 | 226 | 78645615 | 0 | 57 | 79.8 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 90502 | 969656 | 1060158 | 517456 | 542702 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15978971 | 15978971 | 15978971 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2812800 | 225 |
| വിധവാ പെൻഷൻ | 14056200 | 1313 |
| വാർദ്ധക്യകാല പെൻഷൻ | 19952000 | 1927 |
| വികലാംഗ പെൻഷൻ | 5117800 | 457 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 230400 | 21 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.11.23 ന് 3.10 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 41496/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി) പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2. തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ സമീപനങ്ങൾ ഭരണസമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാവേണ്ടതുണ്ട്.
3. അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.
4. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.
5. സ്റ്റോക്ക് രജിസ്റ്ററുകൾ, ഗ്രാമ പഞ്ചായത്തിൽ നിന്ന് വിവിധ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നവരുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ അവയുടെ ഉദ്ദേശ്യ ലക്ഷ്യം നിറവേറ്റുന്ന രീതിയിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കുന്നില്ല.
6. ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ കെട്ടിട നിർമാണ ചട്ടങ്ങൾ, മാലിന്യ സംസ്കരണ ചട്ടങ്ങൾ, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്. പാർക്കിങ്, ടോയ്‌ലെറ്റ് സൗകര്യങ്ങളിലെ അപര്യാപ്തതയും, ഉപയോഗരഹിതമായ ഫർണിച്ചർ, ഉപകരണങ്ങൾ തുടങ്ങിയവ അലക്ഷ്യമായി കിടക്കുന്നതും ഇക്കാര്യത്തിലെ വീഴ്ചകൾക്ക് ഉദാഹരണമാണ്.
7. ഗ്രാമ പഞ്ചായത്ത് കാര്യാലയം പ്രവർത്തിക്കുന്ന കെട്ടിടം സ്ഥലസൗകര്യം ഇല്ലാതെ ബുദ്ധിമുട്ടുന്നതിനാൽ വിശാലമായ സ്ഥലസൗകര്യമുള്ള മറ്റൊരിടത്തേക്ക് മാറ്റുന്നതിനോ പുതിയത് നിർമിക്കുന്നതിനോ നടപടി സ്വീകരിക്കാവുന്നതാണ്.
8. പഞ്ചായത്ത് കാര്യാലയത്തിലും ഘടക സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ഉപയോഗരഹിതമായ ഉപകരണങ്ങൾ, ടയറുകൾ, ഫർണിച്ചർ തുടങ്ങിയവ അതാതു സമയമോ വർഷത്തിലൊരിക്കലെങ്കിലോ നിയമവിധേയമായി കൈയൊഴിഞ്ഞ് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. വാങ്ങൽ നടപടിക്രമങ്ങളുടെ ഭാഗമായി കൊണ്ടു വരുന്ന സാമ്പിളുകൾ പ്രസ്തുത നടപടികൾ

പൂർത്തിയായാലുടൻ തിരിച്ചു കൊണ്ടു പോകാനും അല്ലാത്ത പക്ഷം പഞ്ചായത്തിൽ മുതൽക്കൂട്ടി ഉപയോഗപ്പെടുത്താനും നടപടിയെടുക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ടെണ്ടർ/ ക്വട്ടേഷൻ നിബന്ധനകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

9. ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിനു പിറകിൽ കൂട്ടിയിട്ടിരിക്കുന്ന ഹരിത കർമസേന സംഭരിച്ച പാഴ്‌വസ്തുക്കൾ സംഭരിച്ചയുടൻ വേഗത്തിൽ നീക്കം ചെയ്യാൻ സ്ഥിരമായ നടപടികൾ ഏർപ്പെടുത്തേണ്ടതാണ്. തീപ്പിടിത്തം പോലുള്ള അപകടങ്ങൾക്കും പഞ്ചായത്ത് കാര്യാലയത്തിന്റെ സുരക്ഷയെയും ബാധിക്കുന്ന വിധത്തിൽ കൂടിക്കിടക്കുന്നത് ഒഴിവാക്കേണ്ടതാണ്.

10. ഗ്രാമ പഞ്ചായത്തിന്റെ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ കാര്യാലയങ്ങളുടെയും ഭൗതിക സൗകര്യങ്ങൾ, മെയിന്റനൻസ്, ജീവനക്കാരുടെ സൗകര്യങ്ങൾ, ഹാജർ, ഒഴിവ്, പൊതുജനങ്ങൾക്കുള്ള സേവന ലഭ്യത എന്നിവ ഗ്രാമ പഞ്ചായത്ത് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.11.2022 | ഒക്ടോബർ 2022 | 28.12.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2005 | 1997-98മുതൽ 2002-03 | 02-12-2005 |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായോ പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22 വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ, പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയിൽ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന (1) | പ്രൊജക്ട് (2) | വർഷം(3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യനിർണ്ണയം പ്രകാരം) (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന/ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | പഞ്ചായത്ത് ആയുർവേദ ആശുപത്രിയിൽ കുടിവെള്ള സൗകര്യം | 2019-20 | GWA | 135000 | തനത്ഫണ്ട് | 0 | 135000 |
| 2 | പുലിക്കോട്ടിൽ കുടിവെള്ള പദ്ധതി, | 2021-22 | KWA | 31775 | വികസനഫണ്ട് SC | 0 | 31775 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | പള്ളിയാളിതൊടി കുടിവെള്ള പദ്ധതി | | KWA | 73128 | തനത്ഫണ്ട് | 0 | 73128 |
| 4 | ചോലയിൽ എസ്.സി കോളനി കുഴൽ കിണർ നിർമ്മാണം | | GWA | 44775 | CFC | 0 | 44775 |
| 5 | മഞ്ഞളാം കുന്ന് എസ്.സി കോളനി കുഴൽ കിണർ നിർമ്മാണം | | GWA | 51520 | CFC | 0 | 51520 |
| 6 | കുറ്റിക്കാട്ടുപറമ്പ് എസ്.സി കോളനി കുഴൽ കിണർ നിർമ്മാണം | | GWA | 39480 | CFC | 0 | 39480 |
| 7 | ഭരണിക്കുന്ന് എസ്.സി കോളനി കുഴൽ കിണർ നിർമ്മാണം | | GWA | 52730 | CFC | 0 | 52730 |
| | | | | | | | 428408 |

മേൽ പ്രവൃത്തിക്കായി 428408/- രൂപ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് GWA, KWA എന്നിവയിൽ അവശേഷിക്കുന്നുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകത പരാമർശിച്ച് നൽകിയ (ഓഡിറ്റ് എൻക്വയറി നം.14/9.11.23) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരം പ്രഥമ മറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

## 1-12 തനത് വരുമാന സമാഹരണം-അവലോകനം

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് , ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. 2022-23 വർഷത്തെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 21മീറ്റിംഗുകൾ കൂടിയിട്ടുണ്ടെങ്കിലും പൊളിച്ച് കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്.6-4-22ലെ തീയ്യതികളിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ കെട്ടിട നികുതി 100% പിരിച്ചെടുക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.2022-23 സാമ്പത്തിക വർഷത്തിൽ 100% നികുതി പിരിച്ചെടുത്തിട്ടുമുണ്ട്.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാറും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

വസ്തുനികുതി പരിഷ്കരണം

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ ഉത്തരവ് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മൊറയൂർ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. റോഡുകളുടെ തരം നിർണ്ണയിച്ചത് വാർഡു തല റോഡ്മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല

3).പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവ 05-08-2023 ലെ 1/1ാംനമ്പർ ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ച് 17-08-2023ലെ S2-2458/2023 പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുമുണ്ട്. നിലവിൽ സഞ്ചയയിൽ പുതുക്കിയ വസ്തുനികുതി നിരക്ക് കാലികമാക്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിലുള്ള നികുതി പിരിച്ചെടുക്കുകയും ചെയ്യുന്നുണ്ട്.

4). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം **950** അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി യോഗ്യതയുള്ള 2 ഉദ്യോഗാർത്ഥികളെ തെരെഞ്ഞെടുക്കുകയും ഫീൽഡ് പരിശോധന ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. .കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| **സേവനം** | **ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി** |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

മൊറയൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1).കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഗ്രാമപഞ്ചായത്തിൽ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നിലവിൽ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല

വ്യാപാര ലൈസൻസ് ഫീസ്

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി വ്യാപാര ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ്തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല, പകരം 2022-23 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് ആണ് ലഭ്യമാക്കിയിട്ടുള്ളത്. ലൈസൻസ് എടുക്കാവാൻ വേണ്ടി പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് മാത്രമാണ് ലൈസൻസ് നൽകി വരുന്നത്. വ്യാപാര ലൈസൻസ് രജിസ്റ്റർ, എന്നിവ പരിശോധിച്ചതിൽ 401 സ്ഥാപനങ്ങൾക്കാണ് തൻവർഷം ലൈസൻസ് നൽകിയിട്ടുള്ളത്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ്തല പരിശോധന നടത്തി വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, അപ്രകാരം തനത് ഫണ്ടിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

മറ്റിനങ്ങൾ

1. ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ്,ലൈസൻസ് ഫീ എന്നീ ഇനങ്ങളിൽ വരവുകൾ ഉണ്ടെങ്കിലും ഡിമാന്റ് രജിസ്റ്റർ ലഭ്യമല്ല. ആയതിനാൽ ഗ്രമാപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം മുഴുവൻ സ്ഥാപനങ്ങളുടെയും ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് പൂർണ്ണമാണോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല.

2. ഗ്രമാപഞ്ചായത്ത് പരിധിയിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഇനത്തിൽ വരവ് ഇല്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

3. ബിൽഡിംഗ് പെർമിറ്റ് ഫീസ് ഇനത്തിൽ 1,84,401/- രൂപ വരവുണ്ട്.

4. കെട്ടിട ക്രമവൽക്കരണ ഫീസ് ഇനത്തിൽ 2,80,924/- രൂപ വരവുണ്ട്.

ഇത് സബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (45/14-11-23) ന് മറുപടി ലഭ്യമായില്ല.ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി മറ്റു നടപടികൾ എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-13 ചട്ടത്തിന് വിരുദ്ധമായി മിച്ച ഫണ്ട് നിക്ഷേപിച്ചു.

1996 ലെ കേരളപഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും)ചട്ടങ്ങൾ ചട്ടം 4 പ്രകാരം പഞ്ചായത്തിലെ ഏതൊരു മിച്ചഫണ്ടും കേരള ഗവൺമെന്റ് സെക്യൂരിറ്റികളിലും ദേശീയ സമ്പാദ്യ പദ്ധതി ഉൾപ്പെടെയുള്ള ഭാരത സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സെക്യൂരിറ്റികളിലും ട്രഷറി ഡെപ്പോസിറ്റ് അക്കൌണ്ടിലും അല്ലെങ്കിൽ ആഡിറ്റ് തരംതിരിവിൽ Bയിൽ കുറയാത്ത സഹകരണ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാവുന്നതാണ് എന്നാണ് വ്യക്തമാക്കിയത്. എന്നാൽ ഇതിന് വിരുദ്ധമായി കേരള ഗ്രാമീണബാങ്ക്,മൊറയൂർ ശാഖയിലെ ബാങ്ക് അക്കൌണ്ടിലാണ് 13,50,580 രൂപയുടെ മിച്ച ഫണ്ട്

നിക്ഷേപിച്ചിട്ടുള്ളത്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(11/8-11-2023) ഭരണ സമിതി തീരുമാനം ലഭ്യമാകുന്ന മുറക്ക് ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 1-14 കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം

2022-23വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റിനു വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ (മോങ്ങം ശാഖയിൽ) ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-67351137052) 01.04.22 ന് 11,215,153/- രൂപ മുൻബാക്കിയും 31.3.2023 ന് 14,953,945/- രൂപ നീക്കിയിരിപ്പും ഉണ്ട്. പാസ് ബുക്ക് ബാലൻസ് യഥാക്രമം 1,12,80,751/- രൂപ ,1,54,56,611/- രൂപ. 31-10-23ന് ഈ അക്കൗണ്ടിൽ 1,65,15,855/-രൂപ നീക്കിയിരിപ്പുണ്ട്.

പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ ഭീമമായ തുക നിലനിർത്തിയത് പലിശയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്. ധനമാനേജ്മെന്റിലെ വീഴ്ച കാരണം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(9/09.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. കറന്റ് അക്കൗണ്ടിൽ നിന്നും തുക സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-15 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 , 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ,ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗ്യം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് .ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അപാകത |
|---|---|---|
| 1 | ഉമ്മുൽ ഖുറാ ഹയർസെക്കണ്ടറി സ്കൂൾ,മോങ്ങം | ടി സ്ഥാപനം ഫിറ്റ്നസ് സർട്ടിഫിക്കറ്റിനു വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ 2022-23 ലെ 1,2 അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല. |
| 2 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ് യൂണിറ്റ് | ടി സ്ഥാപനത്തിൽ ലൈസൻസ് അപേക്ഷ പ്രകാരം 9 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് (ലൈസൻസ് നം 204/2022-23/A7/828 /22).എന്നാൽ ടി സ്ഥാപനത്തിലെ 2022-23 ലെ 1,2 അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല. |

മേൽ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/09.11.23) നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ് യൂണിറ്റിലെ ജീവനക്കാരിൽ നിന്നും 1230101872/10-11-23 നമ്പർ രശീതി പ്രകാരം 6372/- രൂപ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കി. ക്രമ നം 1 സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കി വിവരം അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരും നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-16 സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ - തുടർ നടപടി സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പ്രകാരം അസിസ്റ്റന്റ് എഞ്ചിനിയർ ഫിറ്റ്നസ് നൽകിയ സ്കൂൾ ക്ലാസ്സ്മുറികളുടെ വിവരവും പഞ്ചായത്തിൽ നമ്പർ നൽകിയ കെട്ടിടങ്ങളുടെ വിവരവും പരിശോധിച്ചതിൽ വിവിധ സ്കൂളുകളിൽ അനധികൃത കെട്ടിട നിർമ്മാണം നടന്നിട്ടുണ്ട് എന്ന് വ്യക്തമാകുന്നു.

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഏതാനും സ്കൂളുകളുടെ കെട്ടിടങ്ങളുടെ വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | പഞ്ചായത്ത് നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരം | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയ ക്ലാസ്സ് മുറികളുടെ വിവരം | കുറിപ്പ് |
|---|---|---|---|
| VHMHSS മൊറയൂർ | 15/426 – 80 $M^2$ (GF) 15/427 – 167.22 $M^2$ (GF) | ഒരു നില ഉള്ള 4 കെട്ടിടങ്ങൾ, മൂന്ന് നിലയുള്ള ( GF,FF,SF) രണ്ട് കെട്ടിടങ്ങൾ, നാല് നിലയുള്ള | 5 ഒരു നില കെട്ടിടങ്ങൾ, ഒരു രണ്ട് നില കെട്ടിടം, ഒരു മൂന്ന് നില കെട്ടിടം, ഒരു നാല് നില കെട്ടിടം, എന്നിവയ്ക്കാണ് പഞ്ചായത്തിൽ നിന്ന് നമ്പർ നൽകിയത് . |

| | | | | | |
|---|---|---|---|---|---|
| | | 15/428 –398.75 M$^2$ (GF)<br>15/429 –159.61 M$^2$ (GF)<br>15/430 – 316.81 M$^2$ (GF), 316.81 M$^2$ (FF)<br>15/431 – 261.99 M$^2$ (GF), 261.99 M$^2$ (FF),<br>261.99 M$^2$ (SF),<br>261.99 M$^2$ (TF)<br>15/431 A – 193.74 M$^2$ (GF)<br>15/431 B – 905 M$^2$ (GF), 891.46 M$^2$ (FF),<br>754.02 M$^2$(SF),<br>**TOTAL-5231.38 Sqm** | ( GF,FF,SF,TF) രണ്ട് കെട്ടിടങ്ങൾ എന്നിങ്ങനെ 8 കെട്ടിടങ്ങളി ലായി 4785 Sqm വിസ്തൃതിയുള്ള ക്ലാസ്സ് റൂമുകൾ | എന്നാൽ ഫിറ്റ്നസ് നൽകിയത് പ്രകാരം സ്കൂളിൽ ഒരു നില ഉള്ള 4 കെട്ടിടങ്ങൾ, മൂന്ന് നിലയുള്ള ( GF, FF, SF) രണ്ട് കെട്ടിടങ്ങൾ, നാല് നിലയുള്ള ( GF, FF, SF, TF) രണ്ട് കെട്ടിടങ്ങൾ എന്നിവയാണ് ഉള്ളത്.<br>ഇതിൽ നിന്നും സ്കൂളിൽ അനധികൃത നിർമ്മാണം നടന്നിട്ടുണ്ട് എന്ന് വ്യക്തമാണ്. | |
| | ക്രസന്റ് HSS ഒഴൂർ | 15/172 A – 50 M$^2$ (‘GF)<br>15/172 B – 220.73 M$^2$ (‘GF)<br>15/172 C – 220.73 M$^2$ (‘FF)<br>Total– 491.46 M$^2$ | 19 ക്ലാസ്സ് മുറികളുള്ള ഓടിട്ട കെട്ടിടങ്ങൾ, 9 ക്ലാസ്സ് മുറികളുള്ള RCC ഇരു നില കെട്ടിടം, 15 ക്ലാസ്സ് മുറികളുള്ള RCC മൂന്ന് നില കെട്ടിടം എന്നിവയിലായി ആകെ 1901 M$^2$ വിസ്തൃതിയുള്ള ക്ലാസ്സ് റൂമുകൾ<br>. | ഒരു ഒരു നില കെട്ടിടം, ഒരു ഇരു നില കെട്ടിടം എന്നിവ ഉൾപ്പെടെ ആകെ 491.45 M$^2$ കെട്ടിടത്തിനാണ് പഞ്ചായത്ത് നമ്പർ നൽകിയത്. എന്നാൽ ഓടിട്ട കെട്ടിടങ്ങൾ, ഒരു ഇരുനില RCC കെട്ടിടം, ഒരു മൂന്ന് നില RCC കെട്ടിടം എന്നിവയിലായി 1901 ചതുരശ്ര മീറ്റർ ക്ലാസ്സ് മുറികൾ തന്നെ സ്കൂളിൽ ഉണ്ട് എന്നതിൽ നിന്ന് സ്കൂളിൽ അനധികൃത നിർമ്മാണം നടന്നിട്ടുണ്ട് എന്ന് വ്യക്തമാകുന്നുണ്ട്. | |
| | AMUPS മോങ്ങം | 7/285 A – 55 M$^2$ (‘GF)<br>**7/ 285 B – 50 M$^2$ (‘GF)**<br>**7/285 C – 70.038 M$^2$ (‘GF)**<br>**7/285 D – 37.271 M$^2$ (‘GF)**<br>**7/285 E – 37.271 M$^2$ (‘GF)**<br>**7/285 F – 103.449 M$^2$ (‘FF)**<br>**7/285 G – 37.271 M$^2$ (‘FF)**<br>**7/285 H – 17.08 M$^2$ (‘FF)** | **ഒരു RCC മൂന്ന് നില കെട്ടിടം, മൂന്ന് ഇരു നില കെട്ടിടങ്ങൾ എന്നിവയിലായി ആകെ 1506 M$^2$ വിസ്തൃതിയുള്ള 39 റൂമുകൾ** | **താഴത്തെ നിലയും ഒന്നാംനിലയുമായി ആകെ 407.38 M$^2$ കെട്ടിടത്തിനാണ് പഞ്ചായത്ത് നമ്പർ നൽകിയത്. എന്നാൽ ഒരു RCC മൂന്ന് നില കെട്ടിടം, മൂന്ന് ഇരു നില കെട്ടിടങ്ങൾ എന്നിവയിലായി ആകെ 1506 M$^2$ വിസ്തൃതിയുള്ള ക്ലാസ്സ് റൂമുകൾക്ക് ഫിറ്റ്നസ് നൽകി എന്നതിൽ നിന്ന് സ്കൂളിൽ അനധികൃത നിർമ്മാണം നടന്നിട്ടുണ്ട് എന്ന് വ്യക്തമാകുന്നുണ്ട്.** | |

| | TOTAL – 407.38 | | |
|---|---|---|---|

[കുറിപ്പ് ** ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് നൽകുന്ന അപേക്ഷയിൽ ക്ലാസ്സ് മുറികളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തുന്നത് എന്നതിനാൽ യഥാർത്ഥത്തിലുള്ള കെട്ടിട വിസ്തീർണ്ണം മുകളിലെ പട്ടികയിൽ പരാമർശിച്ചതിലും വളരെയധികം വർദ്ധിക്കും. പഞ്ചായത്തിലെ പ്രധാനപ്പെട്ട ഏതാനും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപേക്ഷകളിലെ വിവരങ്ങൾ മാത്രമാണ് പട്ടികയിൽ നൽകിയിട്ടുള്ളത്. മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇത്തരത്തിൽ അനധികൃത നിർമ്മിതികൾ ഉണ്ടാകാം.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലേതുൾപ്പെടെ അനധികൃത നിർമ്മാണങ്ങൾക്കെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/13-11-23 ) മറുപടി ലഭ്യമാക്കിയിട്ടില്ല

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കെട്ടിടങ്ങൾ പരിശോധന നടത്തി അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമം, ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 അനധികൃ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയ വിവരം ലഭ്യമാക്കണം.

കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തേണ്ടത് എങ്ങനെയാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് പഞ്ചായത്തിലെ അനധികൃത നിർമ്മിതികളിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം , UA നമ്പർ നൽകി വസ്തു നികുതി ഈടാക്കിയ കെട്ടിടങ്ങളുടെ വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 35/13-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല.
അനധികൃത നിർമ്മിതികൾക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമം, ചട്ടങ്ങൾ എന്നിവപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-18 IKM സോഫ്റ്റ്‌വെയറുകൾ - ഓഡിറ്റിന് ലോഗിൻ ലഭ്യമല്ല- പരിശോധന സാധിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ 1997 ചട്ടം 13 പ്രകാരം ഓഡിറ്റർ വിശദമായ വാർഷിക പരിശോധന നടത്തുന്ന പഞ്ചായത്തിന്റെ ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച എല്ലാ കാര്യങ്ങളും പരിശോധിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഫയൽ മാനേജ്മെന്റിന് ILGMS സംവിധാനം നിലവിൽ വന്നശേഷം പഞ്ചായത്തിന്റെ ഭരണപരവും സാമ്പത്തികവുമായ ഭൂരിഭാഗം നടപടികളും ILGMS മുഖേനയും, മറ്റ് IKM സോഫ്റ്റ്‌വെയറുകൾ മുഖേനയുമാണ് നടത്തപ്പെടുന്നത്. സ്ഥാപനങ്ങളുടെ പ്രവർത്തനം കടലാസ് രഹിതമാക്കുക എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ മിക്ക നടപടികളുടെയും നടപടിഫയലുകൾ പ്രിന്റ് ചെയ്തു സൂക്ഷിക്കുകയും ചെയ്യുന്നില്ല. ആയതിനാൽ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് ILGMS ഉൾപ്പെടെയുള്ള വിവിധ സോഫ്റ്റ്‌വെയറുകളുടെ ലോഗിൻ അനിവാര്യമാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ILGMS ൽ മാത്രമേ ലോഗിൻ ലഭ്യമാക്കിയിട്ടുള്ളൂ. മറ്റ് IKM സോഫ്റ്റ്‌വെയറുകളുടെ ലോഗിൻ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ ILGMS ലോഗിനിൽ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യപത്രികയുമായി ബന്ധപ്പെട്ട രേഖകൾ മാത്രമെ പരിശോധനക്ക് ലഭ്യമാകുന്നുള്ളൂ. വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട രേഖകളിൽ പഞ്ചായത്തിന്റെ വരവ് ചെലവുമായി ബന്ധപ്പെട്ട രേഖകൾ മാത്രമേ ഉൾപ്പെടുന്നുള്ളൂ എന്നതിനാൽ നിലവിൽ ഓഡിറ്റിന് ലഭ്യമായ ILGMS ലോഗിൻ മുഖേന പഞ്ചായത്തിന്റെ വരവ് ചെലവ് രേഖകൾ മാത്രമേ പരിശോധിക്കാൻ സാധിക്കുന്നുള്ളൂ. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ പെടുന്നതും വരവ് ചെലവുമായി നേരിട്ട് ബന്ധപ്പെടാത്ത ചുമതലകളുമായി ബന്ധപ്പെട്ട ഫയലുകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമാകുന്നില്ല. (ഉദാ- ലൈസൻസ്, പെർമിറ്റ്, ഫിറ്റ്നസ്, നമ്പറിംഗ് , പെൻഷൻ ,നികുതികൾ , പൊതു പരാതികൾ , തപാലുകൾ, വിവരാവകാശ അപേക്ഷകൾ Etc തുടങ്ങിയ വിവിധ ഫയലുകളിലുള്ള നടപടികൾ )

പഞ്ചായത്തിന്റെ ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച എല്ലാ കാര്യങ്ങളും ഓഡിറ്റർപരിശോധിക്കണം എന്ന് ചട്ടത്തിൽ വ്യക്തമായി നിർദ്ദേശിച്ചതിനാൽ പഞ്ചായത്തിന്റെ ഓഡിറ്റ് ഫലപ്രദമായി നിർവഹിക്കുന്നതിന് വിവിധ സോഫ്റ്റ്‌വെയറുകൾ മുഖേന പഞ്ചായത്ത് നിർവഹിക്കുന്ന നടപടികൾ ഓഡിറ്റിന് പൂർണ്ണമായി പരിശോധിക്കാൻ സാധിക്കേണ്ടതുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയ ILGMS ലോഗിനിൽ രേഖകളുടെ ഭാഗികമായ പരിശോധനക്കുള്ള സൗകര്യം മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. മറ്റ് IKM സോഫ്റ്റ്‌വെയറുകളുടെ ലോഗിൻ ഒന്നും തന്നെ ലഭ്യമാക്കിയിട്ടുമില്ല.. അതിനാൽത്തന്നെ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുടെ സമഗ്രമായ പരിശോധന നടത്താൻ നിലവിൽ ഓഡിറ്റിന് സാധിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് ( പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും )ചട്ടങ്ങൾ 1997 ചട്ടം 13പ്രകാരം ഓഡിറ്റിൽ നിക്ഷിപ്തമാക്കപ്പെട്ട ചുമതലകൾ നിറവേറ്റുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് ഉപയോഗിക്കുന്ന എല്ലാ സോഫ്റ്റ്‌വെയറുകളിലൂടെയും പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരം പരിശോധിക്കുന്നതിന് ആവശ്യമായ ലോഗിൻ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 ബക്കറ്റ് കമ്പോസ്റ്റ് -പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ |
| പ്രോജക്ട് | ബക്കറ്റ് കമ്പോസ്റ്റ് നൽകൽ (നമ്പർ SO 60/23) |
| ചെലവഴിച്ച തുക | ഫണ്ട് |
| 39995/19-10-22(ചെക്ക് നം 716/27-10-22 | ഗുണഭോക്തൃ വിഹിതം |
| 116575/19-10-22(ചെക്ക് നം 716/27-10-22 | കേന്ദ്രാവിഷ്കൃത ഫണ്ട് |
| 243380/-(ബിൽ നം 127/19-10-2022) | ധനകാര്യ കമ്മീഷൻ അവാർഡ് |
| **ആകെ=399950** | |

ഈ പദ്ധതിക്കായി താഴെ പറയും പ്രകാരം RAIDCO ക്ക് തുക നൽകിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1) RAIDCO നൽകിയ ടാക്സ് ഇൻവോയ്സ്, ബില്ലുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

2) RAIDCO നൽകിയ ടാക്സ് ഇൻവോയ്സ് (MPM/426/2021-22) പ്രകാരം 421 ബക്കറ്റ് കമ്പോസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്തിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

3) RAIDCO യുമായി കരാർ ചമച്ചതിന്റെ രേഖകൾ, ഗുണഭോകതൃ ലിസ്റ്റ്, അപേക്ഷ ഫോറം, വിതരണ ലിസ്റ്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4) പദ്ധതി പൂർത്തിയാക്കിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/14-11-23)ന് ഓരോ വാർഡിലും വിതരണം ചെയ്ത ബക്കറ്റ് കംപോസ്റ്റുകളുടെ എണ്ണം സംബന്ധിച്ച വിവരം ലഭ്യമാക്കി. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 വീട് വാസയോഗ്യമാക്കൽ പദ്ധതി-സർക്കാർ മാർഗ്ഗരേഖ പാലിച്ചില്ല.

വി.ഇ.ഒ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ എന്ന പദ്ധതിയുടെ ഭാഗമായി വീട് വാസയോഗ്യമാക്കുന്നതിന് താഴെ പറയും പ്രകാരം ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് | വീട് വാസയോഗ്യമാക്കൽ- 147/23 |
| അടങ്കൽ | 2700000/- |
| ചെലവ് | 2640000/-<br>1)BRN 151052039101191407/15-02-23-3,00,000/-രൂപ<br>2)BRN 151052039101376645/16-03-23-2,40,000/-രൂപ<br>3)16-3-23/20,000/-രൂപ<br>4)BRN 151052039101512779/28-03-23-1,30,000/-രൂപ<br>5)BRN 2215105203910107885 8/21-1-23-2,40,000/-രൂപ<br>6)BRN 221510520391011221 98/1-2-23 -2,40,000/-രൂപ<br>7)BRN 221510520391010678 3/9-1-23 -8,70,000/-രൂപ<br>8)BRN2215105203910090163 6/13-12-22-6,00,000/-രൂപ |

ഇത് സംബന്ധിച്ച് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകത ചുവടെ പറയുന്നു.

സ ഉ (കൈ) നം.115/2022/ തസ്വഭവ തിയതി 28.05.22 ഖണ്ഡിക 6.7 പ്രകാരം പ്രകാരം ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ എസ് ജി ഡി ഓവർസീയർ സാക്ഷ്യപ്പെടുത്തണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ ആയത് പാലിച്ചിട്ടില്ല.

| ബിൽ നം/തീ | ഗുണഭോക്താവ് | നൽകിയ തുക |
|---|---|---|
| BRN22151052039101191407/15-2-23 | ശങ്കു സി | 30000/- |
| | പാത്തുമ്മ | 30000/- |
| | ഉണ്ണികൃഷ്ണൻ എ കെ | 30000/- |
| BRN22151052039101376645/16-3-23 | സൈനബ കെ | 30000/- |
| | ആരിഫ് കെ | 30000/- |
| | അബൂബക്കർ | 30000/- |
| | അബ്ദുൽ ഖാദർ | 30000/- |
| | പത്മാവതി സി | 30000/- |
| | അസൈനാർ | 30000/- |
| | കൃഷ്ണൻ എം | 30000/- |
| BRN22151052039101512779/28-3-23 | ഷംസുദ്ധീന് കാരാട്ടുചാലി | 30000/- |
| BRN22151052039101078858/21-1-23 | ജമീല | 30000/- |
| | സിദ്ധീഖ് വി പി | 30000/- |
| | പ്രേമമാലിനി | 30000/- |
| | ആയിഷാബി | 30000/- |
| | സാജിത പി | 30000/- |
| | മുഹമ്മദ് | 30000/- |
| | അഹമ്മദാ കബീർ എം | 30000/- |
| BRN22151052039101122198/1-2-23 | മുഹമ്മദ് കെ | 30000/- |
| | ഷീജമോൾ | 30000/- |
| | ഫാത്തിമസുഹറ മുക്കണ്ണൻ | 30000/- |
| | മുഹമ്മദീസ പി | 30000/- |
| | പുഷ്പ സി | 30000/- |
| | ജയരാജൻ യു | 30000/- |
| | സുബൈദ വി | 30000/- |
| BRN22151052039100901636/13-12-22 | സുകു വി | 30000/- |
| | ഷീജ സി | 30000/- |
| | റസിയ പി | 30000/- |
| BRN2215105203910106783/9-1-23 | ആമിന എം | 30000/- |
| | ഹുസൈൻ | 30000/- |
| | പോക്കർ | 30000/- |
| | കൃഷ്ണൻ ടി | 30000/- |
| | മുഹമ്മദ് റഫീഖ് | 30000/- |
| | ആയിശുമ്മ കെ കെ | 30000/- |
| | ഉമ്മർ എം | 30000/- |
| | ഇത്തീരുമ്മ പി | 30000/- |
| | ഷംസുദ്ധീൻ സി പി | 30000/- |
| | സാവിത്രി | 30000/- |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-36/13.11.23 ന് ശ്രദ്ധക്കുറവ് മൂലമാണ് ഓവർസിയർ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് വെക്കാൻ വിട്ടുപോയത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം നടത്തുമ്പോൾ മാർഗ്ഗരേഖ പ്രകാരമാണ് നടപ്പിലാക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-21 പരിരക്ഷ പദ്ധതി -അപാകതകൾ

അടങ്കൽ : 1000000/-

ആകെ ചെലവ് : 989155/-

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)വാഹനം വാടക- ആദായ നികുതി ഈടാക്കിയില്ല

പരിരക്ഷ പ്രോജക്റ്റിന്റെ ഭാഗമായി ഗൃഹ സന്ദർശനം നടത്തുന്നതിനായി കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ ഷാഹുൽ ഹമീദ് എന്നയാൾക്ക് ( KL 55C 8812) ദിവസം 1100 രൂപ നിരക്കിൽ ഓഡിറ്റ് വർഷം വാഹന വാടക ഇനത്തിൽ ആകെ 200200 രൂപ നൽകിയിട്ടുമുണ്ട്. ഇൻകം ടാക്സ് നിയമം സെക്ഷൻ 194C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് ഒരു വർഷം നൽകുന്ന തുക 100000 രൂപയിൽ അധികരിക്കുന്നു എങ്കിൽ 1% ആദായ നികുതി കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിരിക്കുകയാണ്.

| വൗച്ചർ നം/തീയ്യതി /തുക | വാഹന വാടക നൽകിയത് | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|
| 22151052039600516811/5.8.22-400300 | 17600 | |
| 22151052039600516814/5.9.22-36010 | 14300 | |
| 22151052039600516840/5.7.22-40030 | 17600 | |
| 221510520396007579/29.10.22-388300 | 17600 | |
| 22151052039601368362/16.3.23-42930 | 22000 | |
| 22151052039601527303/28.6.22-28110 | 8800 | |
| 22151052039601174935/21.2.23-28205 | 12100 | |
| 22151052039601174929/21.1.23-39310 | 17600 | |
| 22151052039601527303/25.3.23-37200 | 18700 | |
| 22151052039600926883/18.4.22-38390 | 19800 | |
| 22151052039601527303/28.8.22-39050 | 16500 | |
| 22151052039601527303/28.10.22-39190 | 17600 | |
| ആകെ | 200200 | 2002 |

ആദായ നികുതി കരാറുകാരനിൽ നിന്ന് ഈടാക്കി വിവരം പ്രഥമ മറുപടിയിൽ തന്നെ അറിയിക്കേണ്ടതാണ്.

2) പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി -യോഗം ചേർന്നില്ല.

സ.ഉ (സാധ)നം 553/19 തസ്വഭവ തി. 7.3.19 പ്രകാരം പാലിയേറ്റിവ് പരിചരണങ്ങൾ സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്

മേൽ ഉത്തരവ് ഖ.2.9.1 പ്രകാരം പാലിയേറ്റിവ് പദ്ധതികളുടെ നടത്തിപ്പിനും മേൽനോട്ടത്തിനും ഓരോ സാമ്പത്തിക വർഷത്തിലും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർ പേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും 2 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും ഓരോ മാസത്തെ വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പിഎംസി ആയത് അംഗീകരിക്കേണ്ടതുമാണ്. എന്നാൽ മിനട്ട്സ് പരിശോധിച്ചതിൽ 2022-23 വർഷത്തിൽ ആകെ മൂന്ന് തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/13.11.23 യ്ക്ക് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-22 മരുന്നുകൾ മുഴുവനും ലഭ്യമായില്ല

അടങ്കൽ : 1000000/-

ആകെ ചെലവ് : 989155/- (Plan- 716332 + തനത് 1 ലക്ഷം +മെയിന്റനൻസ് റോഡിതരം-172823)

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണം നടത്തിയ, പരിരക്ഷാ പദ്ധതി (13/23) പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് കാരുണ്യ മെഡിസിൻ ഡിപ്പോക്ക് വൗച്ചർ നം 122151052039601015892/9.1.23 പ്രകാരം 33044രൂപയും കെ എം എസ് സി എല്ലിന് വൗച്ചർ നം 1221510520396794455/20.2.23 പ്രകാരം 100000 രൂപയും മുൻകൂറായി തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെയും ഈ സ്ഥാപനങ്ങളിൽ നിന്നും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1)കാരുണ്യ മെഡിസിൻ ഡിപ്പോയ്ക്ക് നൽകിയത്

| പ്രഫോർമ ഇൻവോയ്സ് നം& തീയതി | ഇൻവോയ്സ് നം &തീയതി | തുക | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നുകളുടെ തുക |
|---|---|---|---|
| 3263/28.12.23 | 26335/3.3.23 | 7833 | 11596 |
| | 10287/22.6.23 | 1523 | |
| | 11950/7.7.23 | 9824 | |
| | 6665/30.5.23 | 2268 | |
| | ആകെ | 21448 | |

2)കെ എം എസ് സി എല്ലിന് നൽകിയത്

| പ്രഫോർമ ഇൻവോയ്സ് നം& തീയതി | ഇൻവോയ്സ് നം &തീയതി | തുക | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നുകളുടെ തുക |
|---|---|---|---|
| 4607/20.2.23 | 19937/1.8.23 | 7086 | 37304 |
| | 13252/18.7.23 | 1004 | |
| | 12286/11.7.23 | 8804 | |
| | 12030/8.7.23 | 6698 | |
| | 11876/7.7.23 | 29930 | |
| | 16025/18.6.23 | 3528 | |
| | 19318/11.10.23 | 1537 | |
| | 19678/10.11.23 | 4109 | |
| | ആകെ | 62696 | |

അവശേഷിയ്ക്കുന്ന **48900** രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. **24/13.11.23**ന് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. ലഭ്യമായ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-23 എസ്.എസ്.കെ വിഹിതം അടവാക്കൽ -രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് : എസ്.എസ്.എ വിഹിതം നൽകൽ

നം : 157/2023

അടങ്കൽ : 2000000/- (വികസന ഫണ്ട് )

ബിൽ നം. : 11/10.9.2022 : 20,00,000/-

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 2000000 രൂപ സ്റ്റേറ്റ് പ്രൊജക്ട് ഓഫീസർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 84/2022 തി. 19-04-2022, ഖണ്ഡിക8-6 (3),(4),(5) പ്രകാരം എസ്.എസ്.കെ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 2000000 രൂപ കൈപ്പറ്റിയതിന്റെ രശീതി, ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അപാകത സൂചിപ്പിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.15/9.11.23) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 2000000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 ചെലവു രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല -

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല -

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 22201007/24.3.23 | കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് കേരള സാമൂഹ്യ | 50,000 | ഗുണഭോക്താവിന്റെ അപേക്ഷ,മിഷനിൽ നിന്നുള്ള രശീതി, വിനിയോഗസാക്ഷ്യപത്രം. |

| | | | | |
|---|---|---|---|---|
| | | സുരക്ഷാ മിഷന് ഫണ്ട് കൈമാറൽ<br>288/23 (തനത് ഫണ്ട്) | | |
| 2 | 22200806/211.1.23 | തദ്ദേശകം -2023 ഗൈഡിന് ന് DDP, മലപ്പുറത്തിന് നൽകിയ തുക (തനത് ഫണ്ട്) | 6600 | രശീതി, സ്റ്റോക്ക്- ഇഷ്യൂ വിവരങ്ങൾ |
| 3 | 22200229/1.8.3.22 | ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്ററിന് തുക കൈമാറൽ (തനത് ഫണ്ട്) | 2,65,000 | റിസോഴ്സ് സെന്ററിൽ നിന്നുള്ള രശീതി, വിനിയോഗസാക്ഷ്യപത്രം. |
| 4 | 41/23.3.23 | പി.എം എവൈ വിഹിതം നൽകൽ (179/23 പ്ലാൻ) | 70000/- | മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിന്നുള്ള രശീതി, വിനിയോഗസാക്ഷ്യപത്രം.എന്നിവ |
| 5 | 22200365/10.8.22 | കരടുപദ്ധതിരേഖ 2022-23, 200 കോപ്പി അച്ചടിച്ചതിന് വിസ്മ പ്രിന്റേഴ്സിനു നൽകിയത് (തനത് ഫണ്ട്) | 16200 | സ്റ്റോക്ക് വിവരം |
| | | | 407800 | |

അപാകത പരാമർശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.17/9.11.23)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 407800 രൂപ തടസ്സം ചെയ്യുന്നു.

## 1-25 ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ കാലതാമസമുണ്ടായി

കേരള പബ്ലിക് ലൈബ്രറീസ് (ഗ്രന്ഥശാലാ സംഘം ) ആക്ട് , 1989ലെ വകുപ്പ് 48(1) പ്രകാരം നിശ്ചിത തുക വസ്തുനികുതിയിൽ നിന്നും ഈടാക്കി സംസ്ഥാന ലൈബ്രറി കൌൺസിലിന് നൽകേണ്ടതാണ്. സർക്കുലർ നം. 17263/ഘ3/തസ്വഭവ തിയതി. 29.12.2000 പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനകം തുക അടവാക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്

ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

എന്നാൽ മൊറയൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ ലൈബ്രറി സെസ്സ് ഇനത്തിൽ അടവാക്കേണ്ടിയിരുന്ന 281406 രൂപ, 21700215 നമ്പർ വൗച്ചർ പ്രകാരം 16.9.23 നാണ് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അടവാക്കിയിട്ടുള്ളത്.

ലൈബ്രറി സെസ്സ് തുക അടവാക്കാൻ കാലതാമസം വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 25/13.11.2023 യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ ലൈബ്രറി സെസ്സ് തുക അടവാക്കാൻ കാലതാമസം വരുത്താതെ ശ്രദ്ധിയ്ക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. അപാകത ആവർത്തിയ്ക്കാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-26 വനിതാ വ്യവസായ കേന്ദ്രത്തിലേയ്ക്ക് വാങ്ങിയ ഉപകരണങ്ങൾ രേഖാമൂലം കൈമാറിയതിന്റെ/ കൈപ്പറ്റിയതിന്റെ വിവരം ലഭ്യമല്ല.

പ്രൊജക്ട് : വനിതാ വ്യവസായ കേന്ദ്രത്തിലേയ്ക്ക് വാങ്ങിയ ഉപകരണങ്ങൾ 278/23

ചെലവ് : 345000/- (CFC )

വൗച്ചർ നം. : 22151052003101510917/27.3.2023

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 345000 രൂപ ചെലവഴിച്ച് ഒഴുകൂരിലെ വനിതാ വ്യവസായ കേന്ദ്രത്തിൽ ജിം തുടങ്ങുന്നതിനായി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്റ്റെപ്സ് ഫിറ്റ്നസ്സ്& സേഫ്റ്റി വേൾഡ് മഞ്ചേരി എന്ന

സ്ഥാപനത്തിൽ നിന്നും 276/15.3.23 ഇൻവോയ്സ് പ്രകാരം 15 ഇനം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഈ ഉപകരണങ്ങൾ രേഖാമൂലം കൈമാറിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ഇവയുടെ തുടർപരിപാലനം സംബന്ധിച്ച് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകത സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 46/14.11 .2023ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 345000 രൂപ തടസ്സം ചെയ്യുന്നു.

## 1-27 അംഗനവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നു .

പഞ്ചായത്തിനു കീഴിൽ ആകെ 38 അംഗനവാടികളാണുള്ളത്. ഇതിൽ 28 അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. ഒരെണ്ണം വാടകരഹിത കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നു. 9 അംഗനവാടികളും വാടക കെട്ടിടത്തിലാണ് പ്രവർത്തിയ്ക്കുന്നത്. വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന അംഗനവാടികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | സെന്ററിന്റെ പേര് | വാർഡ് /സെന്റർ നം |
|---|---|---|
| 1 | നെച്ചിക്കോട് | 2/7 |
| 2 | പാലക്കോട് | 2/2 |
| 3 | പാലത്തിങ്ങൽ | 9/21 |
| 4 | പൂളക്കത്തടം | 11/24 |
| 5 | പഴങ്ങരതൊടി | 11/26 |
| 6 | മലയതൊടി | 5/34 |
| 7 | കാരനാട് | 5/36 |
| 8 | മോങ്ങം | 6/37 |
| 9 | എലിയക്കോട് | 18/38 |

മേൽ അംഗനവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ നിലവിലെ വിവരം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 22/13.11 .2023ത്തിന്, ക്രമ നം 1, 3, 6, 7, 8, 10 എന്നിവയ്ക്ക് സ്ഥലം ലഭ്യമായിട്ടുണ്ടെന്നും ക്രമ നം. 2,3,8,9 എന്നിവയുടെ കെട്ടിടം പണി നടന്നുകൊണ്ടിരിയ്ക്കുകയാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. അവശേഷിയ്ക്കുന്ന 6 അംഗനവാടികൾക്ക് (വാടകരഹിത കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നതുൾപ്പെടെ) ഇനിയും സ്ഥലം ലഭ്യമാക്കാനവശേഷിക്കുന്നുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 166 മൂന്നാം പട്ടിക പ്രകാരം അങ്കണവാടികൾ നടത്തലും പരിപാലിക്കലും പഞ്ചായത്തിന്റെ ചുമതലയാണ്. ആയതിനാൽ അവശേഷിയ്ക്കുന്ന അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിനും, കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും മറ്റു ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ഊർജിത ശ്രമങ്ങൾ/നടപടികൾ ഭരണസമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 1-28 സ്കോളർഷിപ്പ് വിതരണം- ഭിന്നശേഷിക്കാരുടെ ഡാറ്റാ രജിസ്റ്റർ തയ്യാറാക്കിയില്ല

നിർവ്വഹണം: ഐ.സി.ഡി.എസ് സൂപ്പർവൈസർ

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണമെന്ന പ്രോജക്ടിന്റെ (146/23) ഭാഗമായി പഞ്ചായത്തു പരിധിയിലുള്ള ഭിന്നശേഷിക്കാരായ 103 വിദ്യാർത്ഥികൾക്ക് ഒരു വർഷത്തേക്ക് അർഹമായ വിദ്യാഭ്യാസ സ്കോളർഷിപ്പും ബത്തയും ഇനത്തിൽ 1916200 രൂപ അനുവദിച്ചിട്ടുണ്ട്. തനത് ഫണ്ട് (716200രൂപ) ബ്ളോക്ക് പഞ്ചായത്തു വിഹിതം (900000രൂപ),ബ്ളോക്ക് പഞ്ചായത്തു വിഹിതം (300000രൂപ)ഉൾപ്പെടുത്തിയാണ് പ്രോജക്ട് നടപ്പിലാക്കിയത്. പദ്ധതി നടത്തിപ്പിന്റെ മുന്നോടിയായി ഗുണഭോക്താക്കളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളെ അടിസ്ഥാനമാക്കി ലിസ്റ്റ് തയ്യാറാക്കുന്നുണ്ടെങ്കിലും പഠനം നടത്തുന്ന സ്ഥാപനം, പ്രായം, വൈകല്യത്തിന്റെ സ്വഭാവം തുടങ്ങി അവശ്യമായ വിവരം ഇതിൽ രേഖപ്പെടുത്തുന്നില്ലായെന്ന് കാണുന്നു. വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഒരു ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കാനും കാലാകാലങ്ങളിൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കാലികമായി സൂക്ഷിക്കാനും നിർദ്ദേശമുള്ളതാണ്. പഞ്ചായത്തിൽ ഭിന്നശേഷി വിഭാഗക്കാരുടെ വാർഡ് തലത്തിലുള്ള സർവ്വേ പൂർത്തിയാക്കി ആയതിലെ വിവരം ക്രോഡീകരിച്ച് ഭരണസമിതി പരിശോധിച്ച് രജിസ്റ്ററായി സൂക്ഷിച്ചിട്ടില്ല. 17.08.16ലെ 2465/2016/തസ്വഭവ നമ്പർ ഉത്തരവിലും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചതാണ്. ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിയ്ക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/13.11.23)ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന പ്രസ്തുത രജിസ്റ്റർ ലഭ്യമാക്കുകയും ചെയ്തു. ഈ രജിസ്റ്റർ തുടർന്നും പരിപാലിച്ചു പോരുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-29 പഞ്ചായത്ത് ഹാളിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ- വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് നം : 94/23

പ്രൊജക്ട് : പഞ്ചായത്ത് ഹാളിലേക്ക്ഫർണീച്ചർ വാങ്ങൽ (സ്പിൽ ഓവർ )

ചെലവ് : 322113 CFC(വൗച്ചർ നം 22201084/31.3.23)

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം 322113 രൂപ ചെലവഴിച്ച് സിഡ്കോയിൽ നിന്നും വാങ്ങിയ ഫർണീച്ചറുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.(ഇൻവോയ്സ് നം Kkd/323/3.3.23)

| ഇനം | നിരക്ക് | എണ്ണം | ആകെ വില |
|---|---|---|---|
| എക്സിക്യൂട്ടീവ് ടേബിൾ പ്ലൈവുഡ് | 33033 | 3 | 99099 |
| എക്സിക്യൂട്ടീവ് ടേബിൾ പ്ലൈവുഡ് | 27027 | 3 | 81081 |
| ടേബിൾ വിത്ത് ഡ്രോവർ & കബോർഡ് | 8874 | 9 | 79866 |
| ടേബിൾ വിത്ത് ഡ്രോവർ & കബോർഡ് | 6795 | 1 | 6795 |
| കബോർഡ് | 6135.15 | 1 | 6135.75 |
| | | | 272976.75 |
| Gst 18% | | | 49136 |
| Total | | | 322112.75 |

മേൽ ഫർണീച്ചറുകളുടെ സ്റ്റോക്ക്/ഇഷ്യൂ വിവരങ്ങൾ, ഇവയ്ക്ക് നമ്പർ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവയുടെ വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 16/9.11.2023)എക്സിക്യൂട്ടീവ് ടേബിൾ പ്ലൈവുഡ് 6 എണ്ണം പഞ്ചായത്ത് മീറ്റിംഗ് ഹാളിലും, ടേബിൾ വിത്ത് ഡ്രോവർ & കബോർഡ് 10 എണ്ണം വാങ്ങിയത് പ്രസിഡന്റിന്റെ റൂം 1 സ്റ്റാന്റിംഗ് കമ്മിറ്റി 4, NREGS ഓഫീസ് 1 എന്നിങ്ങനെയും, കബോർഡ് NREGS ഓഫീസിലുമായി വിതരണം ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ഈ ഫർണീച്ചറുകൾ ക്രമനമ്പറുകൾ ഇട്ട് അധികൃതമാക്കി സൂക്ഷിക്കേണ്ടതും വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-30 ഭിന്നശേഷി ഫിസിയോതെറാപ്പി സെന്റർ,പകൽ വിശ്രമകേന്ദ്ര എന്നിവിടങ്ങളിലേയ്ക്ക് വാങ്ങിയ ഉപകരണങ്ങൾ രേഖാമൂലം കൈമാറിയതിന്റെ / കൈപ്പറ്റിയതിന്റെ വിവരം ലഭ്യമല്ല.

ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹിച്ച ചുവടെ കൊടുത്തിട്ടുള്ള പ്രൊജക്ടുകൾ പ്രകാരം വാങ്ങിയ ഫർണീച്ചറുകൾ/ഉപകരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1) പ്രൊജക്ട് : ഭിന്നശേഷി ഫിസിയോതെറാപ്പി സെന്ററിലേയ്ക്ക് ഉപകരണം വാങ്ങൽ (154/23)

ചെലവ് : 195000/- ( പ്ലാൻ 1000000/- ബിൽ നമ്പർ. 19/31.3.23, തനത് 95000/-ചെക്ക് നമ്പർ. 22201069/31-3-23))

ഈ പ്രൊജക്ട പ്രകാരം, മൊറയൂരിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഭിന്നശേഷി ഫിസിയോതെറാപ്പി സെന്ററിലേയ്ക്ക് സബാഹ് എന്റർപ്രൈസസ്, മഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നും 16/29.11.22നം ഇൻവോയ്സ് പ്രകാരം 29 ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഫർണീച്ചറുകളും ഉപകരണങ്ങളും രേഖാമൂലം കൈപ്പറ്റിയതിന്റെ വിവരം ഇവയുടെ തുടർപരിപാലനം സംബന്ധിച്ച് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) പ്രൊജക്ട് : മുതിർന്ന പൗരന്മാർക്ക് പകൽ വിശ്രമകേന്ദ്രത്തിലേയ്ക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ (100/23)

ചെലവ് : 97965/-ബിൽ നമ്പർ. 6/4.10.22 ( പ്ലാൻ 90000/-, ചെക്ക് നമ്പർ. 22200145/4-12-22(7965 രൂപ തനത് )

ഈ പ്രൊജക്ട പ്രകാരം, വാലഞ്ചരി, അരിപ്ര, കുന്നക്കാട്ട് എന്നീ പകൽ വിശ്രമകേന്ദ്രങ്ങളലേയ്ക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ആർട്കൊയിൽ നിന്നും KKD/69/26.8.22നം ഇൻവോയ്സ് പ്രകാരം 45 ഫൈബർ കസരകൾ, 3 അലമാരകൾ 3 മേശകൾ 3 ഡസ്കുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. ഫർണീച്ചറുകളും ഉപകരണങ്ങളും രേഖാമൂലം കൈപ്പറ്റിയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകത സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ (നം.44/14.11.2023) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 2,85,000 രൂപ തടസ്സം ചെയ്യുന്നു.

## 1-31 അംഗവനവാടി സ്മാർട്ട് ആക്കൽ : പദ്ധതി നിർവഹണത്തിലെ അപാകതകൾ

കുട്ടികളുടെ മാനസിക, ശാരീരിക വൈകാരിക വികാസം ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 337/23, 339/23 എന്നീ പ്രൊജക്ടുകൾ പ്രകാരം പഞ്ചായത്തിലെ 2 അംഗനവാടികൾ സ്മാർട്ട് ആക്കുന്നതിനുവേണ്ടി കുറവു നിരക്ക് ക്വാട്ട്ചെയ്ത ആർട്കോ മലപ്പുറത്തിന് 4 ലക്ഷം രൂപ അനുവദിച്ച് താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങുകയും പ്രവൃത്തി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I) പ്രൊജക്ട നം 337/23 കുന്നക്കാട് അംഗനവാടി സ്മാർട്ടാക്കൽ

ചെലവ് : 200000/- CFC(വൗച്ചർ നം 22201051/31.3.23)

കുന്നക്കാട് അംഗനവാടി സ്മാർട്ട് ആക്കുന്നതിനുവേണ്ടി ഇൻവോയ്സ് നം. 451/25.3.23 പ്രകാരം വാങ്ങിയവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം | വില |
|---|---|---|---|
| 1 | ടോയ് ട്രോളി | 1 | 2790 |
| 2 | എലിഫന്റ് റിംഗ്ടോസ് | 1 | 995 |
| 3 | കാറ്റിൽ പില്ലർ | 1 | 18990 |
| 4 | ഫ്രന്റ് റൗണ്ട് ടേബിൾ | 4@ 6990 | 27960 |
| 5 | മൾട്ടി കളർ സ്ളൈഡ് വിത്ത് സ്വിംഗ് | 1 | 13990 |
| 6 | ഡോൾഫിൻ 3വേ റോക്കർ | 1 | 3790 |
| 7 | പ്ളാസ്റ്റിക്ക് ബ്ളോക്ക് സെറ്റ് | 1 | 3990 |
| 8 | ഡോഗ് റൈഡൺ | 1 | 1990 |
| 9 | എലിഫന്റ് റോക്കർ | 1 | 1690 |
| 10 | ഹെൻ റോക്കർ | 1 | 1690 |
| 11 | പെയിന്റിംഗ്& ആർട് വർക്ക് | 1 | 65300 |
| 12 | ഇവിഇ മാറ്റ് | 15@1290 | 19350 |
| 13 | നമ്പർ മാറ്റ് | 1 | 890 |
| 14 | ആൽഫബറ്റ് മാറ്റ് | 1 | 2090 |
| 15 | ഷൂ രാക്ക് | 1 | 5990 |
| 16 | ഫ്രോഗ് ഡസ്റ്റ്ബിൻ | 2@350 | 700 |
| ആകെ | | | 172195 |
| | | GST | 28188 |
| | | | 200383 |
| | | | -383 |
| | | | 2,00,000 |

II).പ്രൊജക്ട് നം 339/23 പള്ളിമുക്ക് അംഗനവാടി സ്മാർട് ആക്കൽ

ചെലവ് : 200000/- CFC(വൗച്ചർ നം 22201054/31.3.23)

പള്ളിമുക്ക് അംഗനവാടി സ്മാർട് ആക്കുന്നതിനുവേണ്ടി ഇൻവോയ്സ് നം. 453/25.3.23 പ്രകാരം വാങ്ങിയവയുടെ വിശദാംശങ്ങൾ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം | വില |
|---|---|---|---|
| 1 | ടോയ് ട്രോളി | 1 | 2790 |
| 2 | എലിഫന്റ് റിംഗ്ടോസ് | 1 | 995 |
| 3 | കാറ്റിൽ പില്ലർ | 1 | 18990 |
| 4 | ഡോൾഫിൻ 3വേ റോക്കർ | 1 | 3790 |
| 5 | പ്ളാസ്റ്റിക്ക് ബ്ളോക്ക് സെറ്റ് | 1 | 3990 |
| 6 | ഡോഗ് റൈഡൺ | 1 | 1990 |
| 7 | എലിഫന്റ് റോക്കർ | 1 | 1690 |
| 8 | ഹെൻ റോക്കർ | 1 | 1690 |
| 9 | കിഡ് ചെയർ | 30 @890 | 26700 |
| 10 | സൂപ്പർ ഗ്രേഡ് സ്ലൈഡ് | 1 | 8990 |
| 11 | പെയിന്റിംഗ്& ആർട് വർക്ക് | 1 | 65300 |
| 12 | ഇവിഇ മാറ്റ് | 15@1290 | 19350 |
| 13 | നമ്പർ മാറ്റ് | 1 | 890 |
| 14 | ആൽഫബറ്റ് മാറ്റ് | 1 | 2090 |
| 15 | ഷൂ റാക്ക് | 1 | 5990 |
| 16 | ഫ്രോഗ് ഡസ്റ്റ്ബിൻ | 2@350 | 700 |
| ആകെ | | | 171935 |
| | | GST | 28441 |
| | | | -376 |

| | |
|---|---|
| | 200376 |

മേൽ പദ്ധതികളുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)സ്റ്റോർ പർചേയ്സ് ഡിപ്പാർട്ട്മെന്റിന്റെ 13-5-19 തീയതിയിലെ ജി.ഒ(ആർ.റ്റി) നമ്പർ.19/19 ഉത്തരവ് പ്രകാരം, ആർട്കോ വിതരണം ചെയ്ത ഉൽപന്നങ്ങൾ ആർട്കോ തന്നെ നിർമിച്ചതാണ് എന്നും പുറമേ നിന്നും നിർമ്മിച്ചവയല്ല എന്നും രേഖപ്പെടുത്തിയ സാക്ഷ്യപത്രം ആർട്കോയിൽ നിന്നും ലഭ്യമാക്കുന്നതിനും പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആർട്കോയിൽ നിന്നുള്ള പ്രസ്തുത സാക്ഷ്യപത്രം പ്രൊജക്റ്റ് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

2)സർക്കുലർ നം.എ.സി-3/163/2017/തസ്വഭവ/01-08-2018 പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവ്യത്തികളുടെ സൂപ്പർ വിഷൻ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പക്ഷം തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ചെയ്യേണ്ടതാണ്. എന്നാൽ അപ്രകാരം ക്ഷമതയുള്ള ഉദ്യോഗസ്ഥൻ മേൽ Internal Furnishing പ്രവൃത്തികളുടെ Valuation നടത്തുന്നതിനുള്ള നടപടികളൊന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.
3)മേൽ പ്രൊജക്റ്റിന്റെ പൂർത്തീകരണ സാക്ഷ്യ പത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം.32/13.11.23യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-32 കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ ഉദ്യോഗസ്ഥരും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും TR7A മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. കാഷ്ബുക്ക് പ്രതിദിന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.

2. കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽത്തന്നെ തൻ വർഷത്തെ മുഴുവൻ വരവ് ചെലവുകളും ചെലവുകളും കാഷ്ബുക്കിൽ രേഖപ്പെടുത്തിയോ എന്ന് ഉറപ്പു വരുത്താനായിട്ടില്ല.

3. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി , ബാങ്ക് അക്കൗണ്ടുകളിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.

4. കാഷ്ബുക്ക് കാലികമാക്കി എഴുതി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (42/14-11-23)ക്ക് അപാകതകൾ പരിഹരിച്ച് ശരിയായി എഴുതി സൂക്ഷിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. കാഷ് ബുക്ക് ശരിയായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-33 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ കൊണ്ടോട്ടി സബ് ട്രഷറിയിൽ ഉള്ള 799011400002778 നമ്പർ അക്കൗണ്ടിൽ 07.11.2023 ന് തുകയൊന്നും അവശേഷിക്കുന്നില്ല. എന്നാൽ ഈ അക്കൗണ്ടിൽ അവശേഷിച്ചിരുന്ന ₹26119 20.03.2023 ന് ട്രഷറി റിസംപ്ഷൻ ഇനത്തിൽ അക്കൗണ്ടിൽ നിന്ന് കുറവ് ചെയ്യപ്പെട്ടതായി ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വ്യക്തമായി. ഈ തുക നാളിതുവരെ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുമില്ല. AE യുടെ പേരിൽ SBI യുടെ മോങ്ങം ശാഖയിലുള്ള 41490000968നമ്പർ അക്കൗണ്ടിൽ 06.11.2023 ന് ₹ 93937 യും അവശേഷിക്കുന്നുണ്ട്. ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് 2022-23 ലെ ടെണ്ടർ ഫീ തുക പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. ഇനിയും തുക അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ കാഷ്ബുക്ക് എഴുതി കാലികമാക്കാത്തതിനാലും എഴുതി പൂർത്തീകരിച്ച 31.03.2023 വരെയുള്ള കാഷ്ബുക്കിൽ നീക്കിയിരുപ്പ് വിവരം പൂർണ്ണമായി രേഖപ്പെടുത്താത്തതിനാലും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് പൂർണ്ണമായി കണ്ടെത്താൻ സാധിച്ചിട്ടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുകമാത്രമാണ് AE യുടെ ട്രഷറി അക്കൗണ്ടിലേക്ക് അനുവദിക്കുന്നത് എന്നതിനാൽ ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ പണം ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല.

ട്രഷറി,ബാങ്ക് അക്കൗണ്ടുകളിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക/ ബാങ്ക് അക്കൗണ്ടിൽ വരവ് വന്ന തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകിയിട്ടില്ല എന്നാണ് വ്യക്തമാകുന്നത്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 43/14-11-23) ടെണ്ടർ ഫീ ഇനത്തിൽ അക്കൗണ്ടിൽ ഉണ്ടായിരുന്ന തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി എന്ന മറുപടി ലഭ്യമാക്കി. ട്രഷറി അക്കൗണ്ടിലെ കുറവ് വന്ന പണം സംബന്ധിച്ച് പരിശോധന നടത്തുന്നുണ്ട് എന്നും അറിയിച്ചു.

അക്കൗണ്ടുകളിൽ ചെലവഴിക്കാൻഅവശേഷിക്കുന്ന തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതും, റിസംപ്ഷൻ ഇനത്തിൽ കുറവ് ചെയ്ത തുക തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-34 അധികം നൽകിയ ₹ 13669 തിരിച്ചടച്ചു.

2022-23 ൽ അസിസ്റ്റന്റ് എഞ്ചിനിയർ, നിർവഹണം നടത്തിയ വിവിധ പ്രൊജക്ടുകളിൽ കരാറുകാർക്ക് അധികം നൽകിയ ₹13669 ഓഡിറ്റ് എൻക്വയറി (6/8-11-23 ) നൽകിയതിനെത്തുടർന്ന് പഞ്ചായത്തിൽ തിരിച്ചടച്ചു.

| പ്രവൃത്തി | തിരിച്ചടവ് | കുറിപ്പ് |
|---|---|---|
| കുമ്പളപ്പറമ്പ് മസലൂക്കാ റോഡ് സൈഡ് കെട്ട് (186/23) | 12024 (Rt No1230101897 Dt 13.11.2023) | കരിങ്കൽക്കെട്ട് പൊളിക്കുന്നതിന് അധിക നിരക്ക് അനുവദിച്ചത്മൂലം ഉള്ള നഷ്ടം തിരിച്ചടച്ചത്. |
| അരിമ്പ്ര മോങ്ങം റോഡ് സൈഡ് കെട്ട് ( 122/23) | 1645 (RtNo1230101871 Dt 10.11.2023) | കരിങ്കൽക്കെട്ട് പൊളിക്കുന്നതിന് അധിക നിരക്ക് അനുവദിച്ചത്മൂലം ഉള്ള നഷ്ടം തിരിച്ചടച്ചത്. |

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 ഗുണഭോക്തൃ കമ്മിറ്റി പ്രവൃത്തി - ചെലവ് പെരുപ്പിച്ച് കാണിച്ചു- ₹ 65901 അധികച്ചെലവ്

2022-23 ൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ അരിമ്പ്ര ജിഎംയുപി സ്കൂൾ നവീകരണം ( 105/23 ) എന്ന പ്രവൃത്തി സ്കൂൾ പി.ടി.എ കമ്മിറ്റി മുഖേന ഗുണഭോക്തൃ സമിതി പ്രവൃത്തിയായാണ് നടപ്പിലാക്കിയത്.

ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കി ഡി.ബി 1/ 1559/2010/ സി.ഇ/ ത.സ്വ.ഭ.വ തിയ്യതി 13.11.2014 സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം ഗുണഭോക്തൃ സമിതിക്ക് പണം നൽകുന്നത് സമിതിയുടെ യഥാർത്ഥ ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണ് കുറവ് അതായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പരാമർശിക്കപ്പെട്ട പ്രവൃത്തിയിൽ സ്കൂളിന്റെ ക്ലാസ്സ് മുറികളിൽ ടൈൽ പതിക്കുന്നതിനുള്ള ഒരിനം പ്രവൃത്തി മാത്രമാണ് ഉൾപ്പെടുത്തിയത്. ( DSR Data 11.37 )

പ്രവൃത്തിയുടെ വിശദ വിവരം താഴെ നൽകുന്നു.

പ്രവൃത്തി : അരിമ്പ്ര ജിഎംയുപി സ്കൂൾ നവീകരണം ( 105/23 )

TS : 85971/ 2021-2022 Dt 19.02.2022 ₹ 300000 (36.44% CI)

ഫണ്ട് : മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

കൺവീനർ : സൈതലവി (ഹെഡ് മാസ്റ്റർ അരിമ്പ്ര ജിഎംയുപി സ്കൂൾ )

കരാർ : AE/LSGD/MYR/115/2021-22 Dt 21.03.2022

M Book : 03/2022-23

മൂല്യ നിർണ്ണയം: 267696.84

ചെലവ് : 299820 ( GST ഉൾപ്പെടെ) [ 22151052003100603031 / 01.10.2022 ]

പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം 261.05 $M^2$ വിസ്തൃതിയിലാണ് ടൈൽ പതിക്കൽ പ്രവൃത്തി നടത്തിയിട്ടുള്ളത് എന്ന് വ്യക്തമായി.

പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ ലഭ്യമായ ഗുണഭോക്തൃ സമിതി 15.05.2022 ലെ യോഗത്തിൽ അംഗീകരിച്ച ചെലവ് കണക്കുകൾ താഴെ നൽകുന്നു.

| ഇനം | ചെലവ് (നികുതി ഉൾപ്പെടെ ) | കുറിപ്പ് |
|---|---|---|
| ടൈൽസ് ( 2944 Sq Ft ) | 119544 | കള്ളിയത് സെറാമിക് സെന്റർ വള്ളുവമ്പ്രം ന്റെ 07.06.2022 ലെ KCC/ 68 നം ഇൻവോയ്സ്. |

| | | |
|---|---|---|
| സിമന്റ് ( 140 Bags ) 50 Kg/ Bag | 54600 | നജാത്ത് ഏജൻസീസ് കൊണ്ടോട്ടിയുടെ 15.07.2022 ലെ 2022-23/611-AN , 2022-23/612-AN നം ഇൻവോയ്സുകൾ |
| എം സാന്റ് (600 Cubic Feet ) | 19201 | അൽ അമീൻ ക്രഷേർസ് മേൽമുറിയുടെ 07.06.22 ലെ AL/2022-23/2947, 08.06.22 ലെ AL/2022-23/2967, AL/2022-23/3008, 09.06.22 ലെ AL/2022-23/3088 നം ഇൻവോയ്സുകൾ |
| ലേബർ (146 Labour) | 107700 | 2022 ഏപ്രിൽ, മെയ് മാസങ്ങളിലെ മസ്റ്റർ റോൾ) |
| ആകെ | 301045 | |

ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി നിർവഹണത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

**1) ചെലവ് പെരുപ്പിച്ച് കാണിച്ച് അർഹമായതിലും അധികം പണം കൈപ്പറ്റി.**

ഗുണഭോക്തൃ സമിതിക്ക് പണം നൽകുന്നത് സമിതിയുടെ യഥാർത്ഥ ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണ് കുറവ് അതായിരിക്കും എന്ന് സർക്കാർ വ്യക്തമാക്കിയതാണ്. എന്നാൽ ഈ പ്രവൃത്തിയിൽ

പ്രവൃത്തി നടത്തുന്നതിന് യഥാർത്ഥത്തിൽ ആവശ്യമായതിൽ കൂടുതൽ സാധന സാമഗ്രികളും തൊഴിലാളികളെയും ഉപയോഗിച്ചതായി കാണിച്ച് പ്രവൃത്തിയുടെ ചെലവ് പെരുപ്പിച്ച് കാണിച്ച് യഥാർത്ഥചെലവിനെക്കാൾ പണം ഗുണഭോക്തൃ കമ്മിറ്റി കൈപ്പറ്റിയിട്ടുണ്ട്.

ഗുണഭോക്തൃ കമ്മിറ്റി നടത്തിയ മേൽ പരാമർശിക്കപ്പെട്ട ടൈൽ പതിക്കൽ പ്രവൃത്തി നടത്തുന്നതിന് സർക്കാർ അംഗീകൃത ഡാറ്റ പ്രകാരം ആവശ്യമായ സാധനങ്ങളുടെയും, തൊഴിലാളികളുടെയും വിവരം താഴെ നൽകുന്നു.

DSR DATA 11.37

| ഇനം | ഒരു $M^2$ പ്രവൃത്തിക്ക് ആവശ്യമായ അളവ് | $261.05m^2$ പ്രവൃത്തിക്ക് ആവശ്യമായ അളവ് | കമ്മിറ്റി സമർപ്പിച്ച ബിൽ പ്രകാരം വാങ്ങിയതായി കാണിച്ച അളവ് |
|---|---|---|---|
| ടൈൽസ് | 1.025 $M^2$ | 268 $M^2$ = 2886 Sqft | 2944 Sqft |
| മണൽ | 0.026 $M^3$ | 6.79 $M^3$ = 240 Cubic Feet | 600 Cubic Feet |
| സിമന്റ് | 12.42 Kg | 3250 Kg= 65 Bag | 140 Bag |
| ലേബർ | 0.42 Labour | 110 Labour | 146 Labour |

മേൽ പരാമർശിച്ചതിൽ നിന്നും മണൽ, സിമന്റ് , ലേബർ എന്നിവ ആവശ്യമായതിലും വളരെക്കൂടുതൽ ചെലവഴിച്ച എന്ന് കാണിച്ച് ചെലവ് പെരുപ്പിച്ച് കാണിച്ചാണ് ഗുണഭോക്തൃ കമ്മിറ്റി ചെലവ് രേഖ സമർപ്പിച്ചത് എന്ന് വ്യക്തമാണ്.

ഒരു പ്രവൃത്തി ഗുണനിലവാരത്തോടെ നടത്തുന്നതിന് ആവശ്യമായ സാധനങ്ങൾ, സേവനങ്ങൾ എന്നിവ ശാസ്ത്രീയമായി കണക്കാക്കി തയ്യാറാക്കുന്ന മരാമത്ത് പ്രവൃത്തിയുടെ DATA യിൽ അംഗീകരിച്ചതിനെക്കാൾ ഇരട്ടിയിൽ കൂടുതൽ സാധനങ്ങളും വളരെയധികം തൊഴിലും പ്രവൃത്തിക്ക് ഉപയോഗിച്ചു എന്ന് കാണിച്ച് സമർപ്പിച്ച ചെലവ് രേഖ അംഗീകരിക്കാനാവില്ല.

അധികമായി കൈപ്പറ്റിയ തുകയുടെ വിവരം താഴെ നൽകുന്നു.

| ഇനം | കമ്മിറ്റി സമർപ്പിച്ച ബിൽ പ്രകാരം വാങ്ങിയതായി കാണിച്ച അളവ് | പ്രവൃത്തിക്ക് ആവശ്യമായ അളവ് | അധികമായി കാണിച്ച ചെലവ് | കുറിപ്പ് |
|---|---|---|---|---|
| മണൽ | 600 Cubic Feet | 240 Cubic Feet | 11320 | അധികമായി ബിൽ സമർപ്പിച്ച 360 Cubic Feet M Sand വില |
| സിമന്റ് | 140 Bag | 65 Bag | 29250 | അധികമായി ബിൽ സമർപ്പിച്ച 75 Bag Cement വില |
| ലേബർ | 146 Labour | 110 | 26556 | അധികമായി കാണിച്ച 36 ലേബർ നൽകിയ ശരാശരി കൂലി |
| | | ആകെ | 67126 | |

കമ്മിറ്റി അംഗീകരിച്ച ചെലവ് ( നികുതി ഉൾപ്പെടെ ) - 301045

- അധികമായി കാണിച്ച സാധനങ്ങളുടെയും, തൊഴിലിന്റെയും ചെലവ് - 67126

പ്രവൃത്തിയുടെ യഥാർത്ഥ ചെലവ് ( നികുതി ഉൾപ്പെടെ) - 233919

പ്രവൃത്തിക്ക് അനുവദിക്കാവുന്ന തുക - 233919

നികുതി ഉൾപ്പെടെ അനുവദിച്ച തുക - 299820

അധികമായി നൽകിയത് - 65901

പ്രവൃത്തി നടത്തുന്നതിന് യഥാർത്ഥത്തിൽ ആവശ്യമായതിൽ കൂടുതൽ സാധനങ്ങൾ, ലേബർ എന്നിവ ഉപയോഗിച്ചതായി കാണിച്ച് സമർപ്പിച്ച ബിൽ, ചെലവ് പത്രിക എന്നിവ അംഗീകരിച്ച് പണം നൽകി ₹ 65901 പഞ്ചായത്തിന് അധികച്ചെലവ് വരുത്തി.

**2) സംശയാസ്പദമായ ചെലവ് രേഖകൾ**

പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം പ്രവൃത്തി അളവ് രേഖപ്പെടുത്തിയത് 12.05.2022 ന് ആണ്.

സമർപ്പിക്കപ്പെട്ട മസ്റ്റർ റോൾ പ്രകാരം 04.04.2022 മുതൽ 07.05.2022 വരെ വിവിധ തിയ്യതികളിലായി പ്രവൃത്തി നടത്തിയതായാണ് രേഖപ്പെടുത്തിയത്.

പ്രവൃത്തിക്ക് ടൈൽ, മണൽ. സിമന്റ് എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ പ്രവൃത്തി പൂർത്തീകരിച്ച് വളരെക്കാലത്തിന് ശേഷം ജൂൺ, ജൂലൈ മാസങ്ങളിലുള്ളതാണ്. ഹാജരാക്കിയ ചെലവ് രേഖകൾ ബില്ലുകൾ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം എന്നുള്ള സർക്കാർ നിർദ്ദേശവും പാലിച്ചിട്ടില്ല അതിനാൽത്തന്നെ സമർപ്പിക്കപ്പെട്ട ബില്ലുകളുടെ ആധികാരികതയും സംശയാസ്പദമാണ്.

ഗുണഭോക്തൃ സമിതി മുഖേന നടത്തുന്ന പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് മേൽ പരാമർശിക്കപ്പെട്ട പ്രവൃത്തി നടത്തിയത് എന്നും പ്രവൃത്തിക്ക് പണം അനുവദിച്ച് നൽകിയത് എന്നും വ്യക്തമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 13/9-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗുണഭോക്തൃ സമിതിക്ക് പ്രവൃത്തി നടത്തുന്നതിന് യഥാർത്ഥത്തിൽ ചെലവായ തുകയോ, അല്ലെങ്കിൽബിൽ പ്രകാരമുള്ള തുകയോ ഏതാണ് കുറവ് അതു മാത്രമെ ഗുണഭോക്തൃ സമിതിക്ക് അനുവദിക്കാവൂ എന്ന വ്യക്തമായ സർക്കാർ നിർദ്ദേശം ഉണ്ടായിട്ടും അത് പാലിക്കാതെ ഗുണഭോക്തൃ സമിതി സമർപ്പിച്ച ചെലവ് രേഖകൾ പരിശോധന നടത്താതെ അംഗീകരിച്ച് യഥാർത്ഥ ചെലവിനേക്കാളും പണം അനുവദിച്ച് നൽകിയത് വഴി പഞ്ചായത്തിന് അധികച്ചെലവായ ₹65901 പ്രവൃത്തി ഗുണഭോക്തൃ സമിതിയിൽ നിന്നോ അതിന് സാധിക്കാത്ത പക്ഷം പ്രൊജക്ട് നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 1-36 ഡ്രൈനേജ് മണ്ണ് നീക്കൽ - ഉയർന്ന നിരക്ക് നല്കി

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പരാമർശികുന്ന പ്രവൃത്തികളിൽ റോഡ്സൈഡിൽ ഡ്രൈനേജ് നിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്യുന്നതിന് ( Excavation In Cutting In Soil ) Mord Data 3.5.1 പ്രകാരം " Excavation In Cutting In Soil By Manual Means" അനുസരിച്ചുള്ള നിരക്കാണ് അനുവദിച്ച് നൽകിയത്.

Excavation In Cutting In Soil എന്ന പ്രവൃത്തിക്ക് Mord Data പ്രകാരം മൂന്ന് വ്യത്യസ്ത നിരക്കുകൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

| ഇനം | കരാർ പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക് നിരക്ക് (36.44% Cost Index ) |
|---|---|
| 3.5.1 - Excavation In Cutting In Soil By Manual Means | 360.75/ $M^3$ |
| 3.5.2 - Excavation In Cutting In Soil By Using Dozer | 64.45/ $M^3$ |
| 3.5.3 - Excavation In Cutting In Soil By Using Hydrolic Excavator | 36.47/ $M^3$ |

മരാമത്ത് പ്രവൃത്തി നടത്തുമ്പോൾ ഗുണനിലവാരമുള്ള പ്രവൃത്തി ഏറ്റവും കുറഞ്ഞ ചെലവിൽ നടപ്പാക്കുകയാണ് ചെയ്യേണ്ടത്. അതിനാൽത്തന്നെ ഹൈഡ്രോളിക് എക്സ്കവേറ്റർ ഉപയോഗിക്കാൻ സാധിക്കുന്ന പ്രവൃത്തികളിൽ അതനുസരിച്ചുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികൾ നടത്തിയത് ഹൈഡ്രോളിക് എസ്കവേറ്റർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് പ്രവൃത്തി നടത്താൻ സാധിക്കുന്ന റോഡുകളിൽ ആണ് എന്ന് ഫയൽ പരിശേധിച്ചതിൽ വ്യക്തമായി. അതിനാൽത്തന്നെ ഇത്തരം പ്രവൃത്തികളിൽ ഡ്രൈനേജ് നിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്യുന്നതിന് MoRD Data 3.5.3 നിരക്കായിരുന്നു അനുവദിച്ച് നൽകേണ്ടിയിരുന്നത്.

പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| SL No. | പ്രവൃത്തിയുടെ വിവരം | മണ്ണിന്റെ അളവ് | നൽകിയ തുക @ Mord Data 3.5.1 | നൽകാവുന്ന തുക @ Mord Data 3.5.3 | അധികം നൽകിയ തുക |
|---|---|---|---|---|---|
| | വാലഞ്ചേരി താന്നിക്കൽ റോഡ് ഡ്രൈനേജ് (121/23 )<br>TS- 87558/2021-22 Dt 23.02.2022 ₹200,000 (36.44% CI)<br>കരാറുകാരൻ - ശ്രീ ഷാഹുൽ ഹമീദ് പി.കെ<br>കരാർ - AE/LSGD/MYR/104/2021-22 Dt. 14.03.2022 (Est Rate)<br>M Book- 07/ 22-23<br>മൂല്യ നിർണ്ണയം- 178339.50<br>ചെലവ് - 199740 | 31.388 | 11322.41<br>@360.73 | 1144.72<br>@36.47/ $M^3$ | 11399<br>(12% GST ഉൾപ്പെടെ) |
| | തിരുവാലിപ്പറമ്പ് അംഗൻവാടി റോഡ് പുനരുദ്ധാരണം (106/23 )<br>TS- 88569/2021-22 Dt 25.02.2022 ₹200,000 (36.44% CI)<br>കരാറുകാരൻ - ശ്രീ ഷാഹുൽ ഹമീദ് പി.കെ<br>കരാർ - AE/LSGD/MYR/106/2021-22 Dt. 14.03.2022 (Est Rate)<br>M Book- 04/ 22-23<br>മൂല്യ നിർണ്ണയം- 169860.96<br>ചെലവ് - 190244<br>(22151052003100602990/ 01.10.2022) | 32.07 | 11568.61<br>@360.73 | 1169.59<br>@36.47/ $M^3$ | 11647<br>( 12% GST ഉൾപ്പെടെ ) |
| | സ്കൂൾപടി തടപ്പറമ്പ് റോഡ് ഡ്രൈനേജ് ( 5/23 ) Price ID- 105209/ 2022<br>TS- 83818/2022-23 Dt 10.01.2023 ₹200,000 (36.44% CI)<br>കരാറുകാരൻ - ശ്രീ ഹംസ എൻ.കെ<br>കരാർ - AE/LSGD/MYR/70/2022-23 Dt. 24.02.2023 (Est Rate)<br>മൂല്യ നിർണ്ണയം- 160531.02<br>ചെലവ് - 189427 | 11.7 | 4220.78<br>@360.75 | 426.70<br>@36.47/ $M^3$ | 4477<br>( 18% GST ഉൾപ്പെടെ ) |
| | വാലഞ്ചേരി താന്നിക്കൽ റോഡ് ഡ്രൈനേജ് ( 6/23 ) Price ID- 59152/ 2022<br>TS- 51036/2022-23 Dt 09.11.2022 ₹200,000 (36.44% CI)<br>കരാറുകാരൻ - ശ്രീ യർബാഷ് പി<br>കരാർ - AE/LSGD/MYR/26/2022-23 Dt. 10.01.2023 (Est Rate)<br>മൂല്യ നിർണ്ണയം- 167112.02<br>ചെലവ് - 197192 | 40.572 | 14636.35<br>@360.75 | 1479.66<br>@36.47/ $M^3$ | 15525<br>( 18% GST ഉൾപ്പെടെ ) |
| | അരിമ്പ്ര പാലം മുച്ചിരിക്കാട് റോഡ് | 36.14 | 13037.51 | 1318.03 | 13829 |

| | | | | | |
|---|---|---|---|---|---|
| | ഡ്രൈനേജ് ( 38/23 ) Price ID- 59486/ 2022<br>TS- 62889/2022-23 Dt 01.12.2022 ₹200,000 (36.44% CI)<br>കരാറുകാരൻ - ശ്രീ മൂസ പി<br>കരാർ - AE/LSGD/MYR/52/2022-23 Dt. 16.01.2023 (Est Rate)<br>മൂല്യ നിർണ്ണയം- 167270.33<br>ചെലവ് - 197379 | | @360.75 | @36.47/ $M^3$ | ( 18% GST ഉൾപ്പെടെ ) |
| | കരിമ്പന ചേലാട്ട് ഇട്ടപ്പാട്ട്ശ്മശാനം റോഡ് ഡ്രൈനേജ് നിർമാണം ( 223/23 ) Price ID- 77977/ 2022<br>TS- 73299/2022-23 Dt 18.12.2022 ₹600,000 (36.44% CI) 508144.43<br>കരാറുകാരൻ - ശ്രീ യർബാഷ് പി<br>കരാർ - AE/LSGD/MYR/77/2022-23 Dt. 28.02.2023 ( 492078.95) 3.16 % Below<br>മൂല്യ നിർണ്ണയം- 347204.67<br>ചെലവ് - 409702 | 71.82 | 25065.18<br>@349<br>Quated ByContractor | 2536.68<br>@35.32/ $M^3$ | 26584<br>( 18% GST ഉൾപ്പെടെ ) |
| | ചീരക്കണ്ടം കളത്തുംപടി ഡ്രൈനേജ് നിർമ്മാണം രണ്ടാംഘട്ടം ( 264/23 ) Price ID- 75399/ 2022<br>TS- 47585/2022-23 Dt 03.11.2022 ₹190,000 (36.44% CI)<br>കരാറുകാരൻ - ശ്രീ ഷബീർ എം<br>കരാർ - AE/LSGD/MYR/55/2022-23 Dt. 19.01.2023 (Est Rate)<br>മൂല്യ നിർണ്ണയം- 159280.19<br>ചെലവ് - 187950 | 44.88 | 16190.46<br>@360.75 | 1636.77<br>@36.47/ $M^3$ | 17173<br>( 18% GST ഉൾപ്പെടെ ) |
| | | | | ആകെ | 100634 |

വാഹന സൗകര്യമുള്ള സ്ഥലങ്ങളിൽ യന്ത്ര സംവിധാനമുപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ഇനം ഉപയോഗിക്കാതെ ഉയർന്ന നിരക്കുള്ള ഇനം പ്രവൃത്തി എസ്റ്റിമേറ്റിൽ അനുവദിച്ച് നൽകിയതു വഴി പഞ്ചായത്തിന് ₹ 100634 അധികച്ചെലവുണ്ടായിട്ടുണ്ട്.

ഈ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/8-11-23 ) റോഡ് സൈഡിൽ മതിലുകൾ ഉള്ളതിനാൽ അതിന് കേടുപാട് വരാതിരിക്കാനും, ഡ്രൈനേജ് സൈഡ് വാൾ അലൈൻമെന്റ് തിക്ക്നെസ്സ് എന്നിവ കൃത്യമാകുന്നതിനും വേണ്ടിയാണ് മാന്വൽ പ്രവൃത്തി നിരക്ക് അനുവദിച്ചത് എന്നാണ് വ്യക്തമാക്കിയത്. ചെലവ് ചുരുങ്ങിയ രീതിയിൽ ഗുണനിലവാരത്തോടെ പ്രവൃത്തി നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 കരിങ്കൽക്കെട്ട് പൊളിക്കുന്നതിന് അധിക നിരക്ക് നൽകി₹ 6025 അധികച്ചെലവ്

കരിങ്കൽക്കെട്ട് പൊളിക്കുന്നതിന് MORD SOR പ്രകാരം അംഗീകരിക്കപ്പെട്ട നിരക്ക് ഉണ്ടായിരിക്കെ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി നിരക്ക് അനുവദിച്ചത്മൂലം അധികച്ചെലവുണ്ടായി. (DR Retaining Wall Demolition പ്രവൃത്തിക്ക് MORD SOR Item No 2.7D പ്രകാരം നിരക്ക് അനുവദിക്കപ്പെട്ടതാണ്. )

അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ താഴെ നൽകിയ പ്രവൃത്തിയിൽ മേൽ പാരമർശിക്കുന്ന അപാകമൂലം അധികച്ചെലവുണ്ടായതായി വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | DR Retaining Wall Demolitionചെയ്ത അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (GST |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | ( $M^3$ ) | @ 644.86 | (MORD SOR Item 2.7D) | ഉൾപ്പെടെ) |
| ചാളക്കണ്ടി ഒറ്റക്കണ്ടം റോഡ് സൈഡ് കെട്ട് ( 179/23) Price Id – 77942/2022<br>TS – 73294/2022-23 Dt 18.12.2022 ₹ 200000 ( MORD 36.44% CI) (MGR)<br>കരാറുകാരൻ - ശ്രീ അബ്ദുൽ അസീസ് പി<br>കരാർ- AE/LSGD/MYR/03/22-23 Dt 09.1.2023 ( ER)<br>Valuation – 126747.16<br>ചെലവ് - 149561 ( 22151052039001428242/ 22.03.2023) | 21.42<br>Item No 2 | 13812.9 | 8707.23<br>@406.50 | 6025<br>(5105.67 ) X 118% |

Stone Rubble Masonry Demolishing പ്രവൃത്തിക്ക് MORD പ്രകാരം അംഗീകരിക്കപ്പെട്ട നിരക്ക് ഉണ്ടായിരിക്കെ അത് ഉപയോഗിക്കാതെ OD തയ്യാറാക്കി അധികം നൽകിയ ₹6025 ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ. 6/8-11-23)

## 1-38 സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി.

സംസ്ഥാനത്തെ പ്രീ പ്രൈമറികൾ ഉൾപ്പെടെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗമാണ്. ഇത്തരത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് എങ്ങനെയായിരിക്കണം എന്ന് വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.09.2011 ലെ 42448/ഇ.ഡബ്ല്യു3/11/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

2)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.16 ലെ792455/ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

3)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.07.2019 ലെ ഇ.ഡബ്ല്യു3/104/2019-ത.സ്വ.ഭ.വ നമ്പർ സർക്കുലർ

4)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.01.2020 ലെ ഇ.ഡബ്ല്യു3/330/2019/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ

5)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.02.21 ലെ ഇ.ഡബ്ല്യുഎ3/179/2020ത.സ്വ.ഭ.വ നമ്പർ സർക്കുലർ

സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് എങ്ങനെയായിരിക്കണം എന്നതിന് അടിസ്ഥാന നിർദ്ദേശങ്ങൾ നൽകിയത് 12.09.2011 ലെ മേൽ സൂചിപ്പിച്ച സർക്കുലറിലാണ് . മേൽ സർക്കുലറുകളിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

- കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.
- കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ്തന്നെ ബന്ധപ്പെട്ട എഞ്ചിനിയർമാർക്ക് Plan, Estimate, Structural Drawing, Soil Investigation Details എന്നിവ പരിശോധനക്ക് നൽകിയിരിക്കണം.
- എഞ്ചിനിയർമാരുടെ മേൽനോട്ടത്തിൽ മാത്രമെ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ.
- സൂപ്പർവിഷൻ ചാർജ്ജായി 1.25% അടക്കേണ്ടതാണ്.
- ഫിറ്റ്നസ് ആവശ്യമായ എല്ലാ പ്രവൃത്തികളും രൂപകൽപ്പന മുതൽ പൂർത്തീകരണംവരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനിയറുടെ സാങ്കേതിക മേൽനോട്ടത്തിൽ തന്നെ നിർവഹിക്കേണ്ടതാണ്.

പഞ്ചായത്തിൽ 2022- 23 വർഷങ്ങളിലെ സ്കൂൾ ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ഫിറ്റ്നസ് നൽകുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നത് എന്ന് വ്യക്തമായി.

പരിശോധനയിൽ വ്യക്തമായ അപാകതകൾ താഴെ നൽകുന്നു.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണോ എന്ന് പരിശോധിച്ചിട്ടില്ല.

2) പഞ്ചായത്തിൽ നിന്ന് നിന്ന് നമ്പർ നൽകാത്ത അനധികൃത നിർമ്മിതികൾക്ക് ഉൾപ്പെടെ ഫിറ്റ്നസ് നൽകി.

3) എഞ്ചിനിയറുടെ മേൽനോട്ടത്തിലല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള റിപ്പോർട്ടുകൾ ഇല്ലാതെ സമർപ്പിച്ച അപേക്ഷകളിലും ഫിറ്റ്നസ് നൽകി.

4) സർക്കാർ നിർദ്ദേശിച്ച ആദ്യതവണ ഫീസ് ഈടാക്കിയോ എന്ന് ഉറപ്പ് വരുത്താതെയാണ് ഫിറ്റ്നസ് നൽകിയത്.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം. 31/13-11-23) )ക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ആദ്യ തവണ ഫിറ്റ്നസ് നൽകിയ കെട്ടിടങ്ങൾക്ക് മാത്രമാണ് ഫിറ്റ്നസ് നൽകിയത് എന്നും തുടർന്നുള്ള വർഷങ്ങളിൽ ഫിറ്റ്നസ്

നൽകുമ്പോൾ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്.

ഫിറ്റ്നസ് നൽകുന്നതിൽ സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിക്കേണ്ടതാണ്..

## 1-39 ടെണ്ടർ തുറക്കൽ – ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7) ]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ ചട്ടം 10(8) ]

പഞ്ചായത്തിൽ തൻവർഷം മാന്വൽ ടെണ്ടർ ചെയ്ത പ്രവൃത്തികളി ൽമേൽ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല.

ടെണ്ടർ തുറക്കുമ്പോൾ ചട്ടങ്ങളിൽ നിർദ്ദേശിച്ച കാര്യങ്ങൾ പൂർണ്ണമായി പാലിക്കുന്ന എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(50/14-11-23)ക്ക് അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-40 രസീതിബുക്ക് കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ (വെറ്ററിനറി സർജൻ)

വെറ്ററിനറി സർജന് താഴെ പറയുന്ന രസീതി ബുക്കുകൾ ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്.

| തിയ്യതി | രസീതി ബുക്ക് നമ്പരുകൾ | എണ്ണം |
|---|---|---|
| 13-2-2023 | 25726, 25727 | 2 |
| 16-2-2023 | 24780, 24790, 24791 | 3 |
| | ആകെ | 5 |

100 രസീതികൾ ഉൾപ്പെടുന്ന ഈ ബുക്കുകളിലെ 454 രസീതികൾ ഉപയോഗിച്ച് 167/23: കാലിത്തീറ്റ വിതരണം എന്ന പ്രൊജക്ടിന്റെ ഗുണഭോക്തൃ വിഹിതം @ 1395 പിരിച്ചെടുത്ത് (454x 1395 = ) 6,33,330 രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. രസീതി ബുക്ക് നമ്പർ 24780ലെ 54-ാം നമ്പർ രസീതിവരെ ഉപയോഗിച്ചാണ് ഈ തുക പിരിച്ചെടുത്തിട്ടുള്ളത്.

എന്നാൽ ഈ ബുക്കിലെ 55 മുതൽ 100 വരെയുള്ള46 രസീതികളുടെ അസ്സലിൽ മാത്രം Cancelled എന്ന് രേഖപ്പെടുത്തുകയും, പകർപ്പിൽ (ഇളം പച്ച നിറം) യാതൊന്നും രേഖപ്പെടുത്താതെ വയ്ക്കുകയും ചെയ്തതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, പകർപ്പുകളിൽക്കൂടി കാൻസലേഷൻ വിവരം രേഖപ്പെടുത്താൻ നിർദ്ദേശിക്കുകയും, അപ്രകാരം വെറ്ററിനറി സർജൻ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ രസീതി നമ്പർ 55, 56, 57 എന്നീ മൂന്നെണ്ണത്തിന്റെ അസ്സലുകളിൽ കാൻസലേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയുടെ പകർപ്പുകൾ ബുക്കിൽ ഇല്ല. ഹാജരാക്കാത്ത 3 രസീതി പകർപ്പുകൾ ഹാജരാക്കുവാനും, അപാകതക്ക് വിശദീകരണം അറിയിക്കുകയും ചെയ്യേണ്ടതാണ്എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/13-11-2023-ക്ക് ലഭിച്ച മറുപടിയിൽ, ഇവയുടെ പകർപ്പുകൾ കണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നും, അറിവില്ലായ്മ കാരണമാണ് അപാതക സംഭവിച്ചതെന്നും ആയത് ആവർത്തിക്കുന്നതല്ലെന്നും അറിയിച്ചിട്ടുണ്ട്.

ഈ മൂന്ന രസീതികളും ദുരുപയോഗം ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന് പഞ്ചായത്ത് കമ്മറ്റി പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-41 വെറ്ററിനറി സർജൻ- സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നില്ല.

വെറ്ററിനറി സർജൻ 2022-23 വർഷം നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾ മുഖേന പല വസ്തുക്കൾ വാങ്ങിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ സ്റ്റോക്കിലെടുത്തതായി ഇൻവോയ്സിലോ ബില്ലിലോ രേഖപ്പെടുത്തിയിട്ടില്ല.

| Sl. No. | Project No. | Name Of Project | Total Expenditure |
|---|---|---|---|
| 1 | 166/23 | മൃഗാശുപത്രിയിലേക്ക് മരുന്ന വാങ്ങൽ | 4,00,000 |
| 2 | 167/23 | കാലിത്തീറ്റ വിതരണം | 12,72,240 |
| 3 | 170/23 | മുട്ടക്കോഴി വിതരണം (വനിത) | 6,88,800 |
| 4 | 171/23 | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് ഇൻവെർട്ടർ | 8,35,000 |

| | | | |
|---|---|---|---|
| 5 | 267/23 | പശുവിനെ ഉയർത്തുന്നതിനുള്ള ഉപകരണം വാങ്ങൽ | 35,500 |

അപാകത, ഓഡിറ്റ് എൻക്വയറി നം. 34/13-11-2023 പ്രകാരം ശ്രദ്ധയിൽപെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പരിഹരിച്ചിട്ടുണ്ട്.

അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-42 വാങ്ങൽ നടപടികൾ പാലിക്കാതെ കാർഷിക സാമഗ്രികൾ വാങ്ങി.

| ക്രമ നം. | പ്രൊജക്റ്റ് നം. | പേര് | ആകെ ചെലവ് | BR No. & Amount | വാങ്ങിയ സാധനങ്ങൾ |
|---|---|---|---|---|---|
| 1 | 295/23 | നെൽകൃഷിക്ക് വിത്ത്, ജൈവവളം, കൂലിച്ചെലവ് സബ്സിഡി | 9,16,500 (4,74,000 DF-G+ 5,000 OF+ 1,15,000 BP+ 3,22,500 BC) | 221505203920082279 9 /24-11-22 Rs. 84,000 | പെരിന്തൽമണ്ണ ബ്ലോക്ക് അഗ്രോ സർവീസ് സെൻററിന്റെ താഴെ പറയുന്ന ഇൻവോയ്സ് പ്രകാരം നെൽവിത്ത് വാങ്ങി.<br>Sl No / Invoice No / Quantity / Amount<br>1 / 191/5258 /22-23 /12-9-22 / 1,200 Kg @ 42 / 50,400<br>2 / 191/5270 /22-23 /22-9-22 / 800 Kg @42 / 33,600<br>2000 / 84,000 |
| 2 | 196/23 | പൂ കൃഷിക്ക് (ചെണ്ടുമല്ലി) തൈ വിതരണം (വനിത) | 15,000 (11,250 DF-G + 3750 BC) | 1)221510520392008999 18/13-12-22 Rs. 11,250<br>2) Ch. No. 799013000000716/17-12-22 Rs. 3750 | പെരിന്തൽമണ്ണ ബ്ലോക്ക് അഗ്രോ സർവീസ് സെൻററിന്റെ ഇൻവോയ്സ്/ കാഷ് ബിൽ നം. 199/5462/22-23 /15-11-2022പ്രകാരം 3000 Nos മല്ലിക തൈ @ 5 വാങ്ങി. |
| 3 | 210/23 | നെൽ വയലുകളിലും തെങ്ങിൻ തോട്ടങ്ങളിലും പയറു വർഗ വിളകളുടെ വിത്ത് വിതരണം | 1,13,680 (103680 DF G+ 10,000 OF) | 1) 22151052039200974443/27-12-22 Rs. 56,250<br>2) 22151052039201396325/17-3-23 Rs. 47,430 | പെരിന്തൽമണ്ണ ബ്ലോക്ക് അഗ്രോ സർവീസ് സെൻററിന്റെ താഴെ പറയുന്ന ഇൻവോയ്സ് പ്രകാരം നെൽവിത്ത് വാങ്ങി.<br>Sl No / Invoice No / Quantity / Amount<br>1 / 191/5258 /22-23 /12-9-22 / 1,200 Kg @ 42 / 50,400<br>2 / 191/5270 /22-23 /22-9-22 / 800 Kg @42 / 33,600<br>2000 / 84,000 |
| 4 | 341/23 | അടുക്കളത്തോട്ടം പച്ചക്കറി തൈകളും ജൈവ വളങ്ങളും- വനിത | 4,32,000 (3,24,000 DF-G+ 1,08,000 BC) | 1) 22151052039201396266/17-3-23 Rs. 3,24,000<br>2) Ch No. XY6794462/26-3-23 Rs. 1,08,000 | കോഡൂർ കർഷക സേനയുടെ Bill No. 3133/23-2-23 Rs. 4,32,000 പ്രകാരം 432 യൂനിറ്റ് അടുക്കളത്തോട്ടം കിറ്റ് @ 1000 വാങ്ങിയതിന്റെ വില.<br>ഇതിൽ നടീൽ മിശ്രിതം, പച്ചക്കറി തൈകൾ, വിത്ത് പാക്കറ്റ്, മത്തി ശർക്കര, സ്യൂഡമോണസ് തുടങ്ങിയവ ഉൾപ്പെടുന്നു. |

അപാകതകൾ

1) ഈ പ്രൊജക്റ്റുകളിലുൾപ്പെടുത്തി പെരിന്തൽമണ്ണ ബ്ലോക്ക് അഗ്രോ സർവീസ് സെൻറർ, കോഡൂർ കർഷക സേന എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ നേരിട്ട് നടീൽ സാധനങ്ങൾ വാങ്ങിയിരിക്കുകയാണ്. ഇവ സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 4 ലെ 6-ാമത്തെ നിബന്ധനകളിൽ അംഗീകരിച്ച നേരിട്ട് സാധനങ്ങൾ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളല്ല.

2) വാങ്ങിയ വസ്തുക്കളുടെ യൂനിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല.

അപാകതകൾക്ക് വിശദീകരണം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 48/ 14-11-2023-ക്ക്

മറുപടി ലഭിച്ചിട്ടില്ല.

സർക്കാർ ഉത്തരവിനു വിരുദ്ധമായ ചെലവുകൾക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-43 പശ്ചിമ ഘട്ട വികസന പദ്ധതി- പഞ്ചായത്ത് വിഹിതം- വിശദാംശങ്ങൾ ലഭ്യമല്ല.

പ്രൊജക്ട് നം. 206/23 : പശ്ചിമ ഘട്ട വികസന പദ്ധതി- പഞ്ചായത്ത് വിഹിതം വകയിരുത്തൽ

അടങ്കൽ- 4,25,0000 (GF-G)

ചെലവ്- 4,24,252

BRNo. 22151052039201046098/ 16-1-23 Rs. 4,24,252

ഈ പ്രൊജക്ട് പ്രകാരം പൂക്കുളം വാട്ടർ ഷെഡ് ഗുണഭോക്തൃ സമിതിയുടെ അക്കൗണ്ടിലേക്ക് ( A/C No. 40131101076462 – IFSC: KLGB0040131, Mob No. 9048440558 ) തുക നൽകിയിട്ടുണ്ട്.

തുക എന്തിനു നൽകി എന്നതിന്റെ പൂർണ വിവരങ്ങൾ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട് എന്ന്, ട്രഷറിയിൽ സമർപ്പിച്ച ബില്ലിന്റെ ഓഫീസ് കോപ്പിയിൽ, കൃഷി ഓഫീസർ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

അപാകതകൾ

1) സാക്ഷ്യ പത്രത്തിൽ രേഖപ്പെടുത്തിയ പ്രകാരം, തുക നൽകിയതിന് ആധാരമാക്കിയ വർക്ക് ബില്ലുകളുടെ ആകെത്തുകയും നൽകിയ തുകയും ബാക്കി തുകയും , അതിൽ വിവിധ ഫണ്ടിങ് ഏജൻസികളുടെ വിഹിതവും കാണിക്കുന്ന കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കിയിട്ടില്ല. ബില്ലിനോടൊപ്പം സൂക്ഷിച്ച Statement Of Fund Split Up Of Pookkulam Western Ghat Development Programme , Krishi Bhavan Morayur എന്ന സ്റ്റേറ്റ്മെന്റിൽ 5 പ്രവൃത്തികൾ ചേർത്തിട്ടുണ്ടെങ്കിലും ഇവ പ്രകാരം എത്ര രൂപയുടെ ആകെ പ്രവൃത്തികൾ ചെയ്തു എന്ന് വ്യക്തമാക്കിയിട്ടില്ല. ഈ ഷീറ്റിലെ രേഖപ്പെടുത്തൽ പ്രകാരം, WGP Share 53, 39, 486.4 + Panchayath Share 6,64,721+ GST 1,91,985 = 61,96,192 രൂപയിൽ നിന്നും മുമ്പ് നൽകിയ തുകയായ (Bill Already Passed) 58,35,346 കുറച്ചാൽ 3,60,846 രൂപക്ക് മാത്രമാണ് അർഹത.

2) മലപ്പുറം ജില്ലാ കലക്ടറുടെ Order No. 689/14-15/WGDP(WS)/DPO/MPM Dated 29-11-2019 പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 93,21,000 രൂപയുടെ ആകെ പ്രവൃത്തിയും അതിൽ8,79,000 രൂപ ഗ്രാമ പഞ്ചായത്ത് വിഹിതവുമാണ്. എത്ര രൂപയുടെ ആകെ പ്രവൃത്തികൾ ചെയ്തു എന്ന് കൃഷി ഓഫീസർ വ്യക്തമാക്കി രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റിനായി കൃഷി ഭവനിലെ ഫയലുകളും, ഈ പദ്ധതി സംബന്ധിച്ച ഫയലുകളും യഥാസമയം ഹാജരാക്കിയിരുന്നില്ല. 4 ദിവസത്തിനു ശേഷം ഹാജരായ കൃഷി ഓഫീസർ ഈ പദ്ധതി സംബന്ധമായ വിവിധ വർക്ക് ബില്ലുകൾ മാത്രമാണ് ഹാജരാക്കിയത്. പ്രസ്തുത ബില്ലുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വിഹിതം കണക്കാക്കിയ വിവരം രേഖപ്പെടുത്തി ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 47/ 14-11-2023 -ക്ക് മറുപടി ലഭിച്ചിട്ടില്ല.

വ്യക്തമായ കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-44 മിനി എം.സി.എഫ് സ്ഥാപിക്കൽ -അധികം നൽകിയതുക തിരിച്ചടച്ചു.

2022-23 ൽ പഞ്ചായത്ത് സെക്രട്ടറി എന്നിവർ നിർവഹണം നടത്തിയമിനി എം.സി.എഫ് സ്ഥാപിക്കൽ ( 80/23 ) പ്രൊജക്ടിൽ കരാറുകാർക്ക് അധികം നൽകിയ ₹48720 ഓഡിറ്റ് എൻക്വയറി (38/14-11-23 ) നൽകിയതിനെത്തുടർന്ന് പഞ്ചായത്തിൽ തിരിച്ചടച്ചു.

| പ്രവൃത്തി | തിരിച്ചടവ് | കുറിപ്പ് |
|---|---|---|
| മിനി എം.സി.എഫ് സ്ഥാപിക്കൽ (80/23) | 48720<br>(Rt No1230101910 Dt 14.11.2023) | അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമല്ലാതെ പ്രവൃത്തി നടത്തിയത് മൂലം അധികം കൈപ്പറ്റിയ തുക തിരിച്ചടച്ചത്. |

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-45 ഓപ്പൺ ജിം- സർക്കാർ ഉത്തരവിന് വിരുദ്ധമായി നിർമ്മിതി കേന്ദ്ര മുഖേന നടപ്പാക്കി.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഫാമിലി ഹെൽത്ത് സെൻററിൽ ഓപ്പൺ ജിമ്മിനായി തുക നൽകൽ ( 96/23 ) എന്ന പ്രൊജക്ട് പ്രകാരം മൊറയൂർ ഫാമിലി ഹെൽത്ത് സെന്ററിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിന് ₹ 200,000 മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്.

കരാർ - NKMP/AGR/573/AGR 234/22-23 Dt. 25.03.2022

പ്രവൃത്തി നടത്തുന്നതിന് ടെണ്ടർ നടപടികൾ പാലിക്കാതെ നിർമ്മിതി കേന്ദ്ര സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പണം നൽകുകയാണ് ചെയ്തത്.

| ക്രമനം | ചെലവ് | കുറിപ്പ് |
|---|---|---|
| 1 | 40000 | മുൻകൂർ ( Dt 11.05.2022 ) |
| 2 | 160,000 | ബാക്കി തുക നൽകിയത്. ( Dt 19.09.2022 ) |

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

**അംഗീകൃത അക്രഡിറ്റഡ് ഏജൻസി മുഖേനയല്ലാതെ പ്രൊജക്ട് നടപ്പാക്കി.**

ഈ പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം മലപ്പുറം മുഖേന നടപ്പാക്കുന്നതിന് 21.01.2022 ലെ ഭരണസമിതി യോഗം തീരുമാനിച്ചതനുസരിച്ച് ( തീരുമാനം നം 4 ) പ്രവൃത്തി നിർമ്മിതി കേന്ദ്രം മുഖേനയാണ് നടപ്പാക്കിയത്.

വിവിധ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുത്ത് സർക്കാർ പുറപ്പെടുവിച്ച GO(P) 77/2019/Fin Dt 04.07.2019 നം ഉത്തരവ് പ്രകാരം Non PMC എന്ന നിലയിൽ Cost Effective പ്രവൃത്തികൾ ടെണ്ടർ കൂടാതെ നടപ്പാക്കുന്നതിനാണ് മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രത്തിനെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചത്. മറ്റ് പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ ഈ സ്ഥാപനത്തിന് നടപ്പാക്കാൻ അനുമതിയില്ല.

എന്നാൽ പഞ്ചായത്ത് നടപ്പാക്കിയ പ്രവൃത്തി DSR പ്രകാരം നടപ്പാക്കുന്ന സാധാരണ മരാമത്ത് പ്രവൃത്തിയാണ്. ഇത് ഒരു Cost Effective Work അല്ല.

സർക്കാർ ഉത്തരവ് പ്രകാരം ഈ പ്രവൃത്തി ഏല്പിക്കാൻ അനുമതിയില്ലാത്ത സ്ഥാപനത്തിന് പ്രവൃത്തി ഏല്പിച്ച് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(19/10-11-22)ക്ക് ലഭ്യമാക്കിയ മറുപടിയിൽ NHM നിർമ്മിതി കേന്ദ്രം മുഖേന നടപ്പാക്കിയ പ്രവൃത്തിക്ക് ബാക്കി തുക നൽകുകയാണ് ചെയ്തത് എന്നാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയത്. പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തിക്ക് പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കി പഞ്ചായത്തുമായി പ്രത്യേക കരാർ ചമച്ചാണ് പ്രവൃത്തി നടപ്പാക്കിയത് എന്നതിനാൽ മേൽ മറുപടി അംഗീകരിക്കാനാവില്ല.

അക്രഡിറ്റഡ് ഏജൻസി മുഖേന പ്രവൃത്തി നടപ്പാക്കുമ്പോൾ അത് സർക്കാർ നിർദ്ദേശിച്ച മേഖലയിൽ മാത്രം നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-46 ഹരിതകർമ്മ സേന വാഹനം ഉപയോഗിക്കുന്നില്ല - പണം പാഴ്ച്ചെലവ്

പഞ്ചായത്ത് ഹരിതകർമ്മ സേന കളക്ട് ചെയ്യുന്ന മാലിന്യങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിന് വാങ്ങിയ ഇലക്ട്രിക് വാഹനം ലോഡ് കയറ്റി കയറ്റം കയറുന്നതിന് സാധിക്കാത്തതിനാൽ ഹരിത കർമ്മസേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ MCF ൽ എത്തിക്കുന്നതിന് സ്വകാര്യ ഗുഡ്സ് ടാക്സി വാഹനം വാടകക്ക് എടുത്ത് ഉപയോഗിക്കുകയാണ് ചെയ്യുന്നത്.

ഹരിത കർമ്മസേന വാഹനവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന കാര്യങ്ങൾ വ്യക്തമായി.

1.2021-22 ലെ പദ്ധതിയിൽ ഉൾപ്പെടുത്തി ₹434227 ചെലവഴിച്ച് വാങ്ങിയ KL84A 4633 നം വാഹനം 04.05.2022 ന് ആണ് രജിസ്റ്റർ ചെയ്തത്. ( Piaggio Ape Electric E-Xtra )

2.ജെം പോർട്ടൽ മുഖേന വാങ്ങിയ വാഹനത്തിന്റെ സ്പെസിഫിക്കേഷൻ പ്രകാരം വാഹനത്തിന്റെ പേ ലോഡ് കപ്പാസിറ്റി 506 Kg ആണ്. 3 വർഷം / 100000 Km വാറണ്ടിയും വാഹനത്തിന് ഉണ്ട്.

3.ഹരിത കർമ്മസേനയുടെ രേഖകൾ പരിശോധിച്ചതിൽ കേവലം 6 മാസത്തോളം മാത്രമേ ഇലക്ട്രിക് വാഹനം ഉപയോഗിച്ചിട്ടുള്ളൂ. തുടർന്ന് വാഹനം ഉപയോഗിക്കാതെ പഞ്ചായത്തിലെ ഷെഡിൽ നിർത്തിയിട്ടിരിക്കുകയാണ്.

4.വാഹനം കയറ്റം കയറുന്നില്ല എന്ന പ്രശ്നം പരിഹരിക്കുന്നതിന് പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

വൻതുക നൽകി വാങ്ങിയ വാഹനം ഉപയോഗിക്കാതെ നിർത്തിയിട്ടതുമൂലം പഞ്ചായത്ത് ചെലവഴിച്ച ₹434227 വാങ്ങിയ വാഹനം ഉപയോഗമില്ലാതെ നശിച്ചു കൊണ്ടിരിക്കുകയാണ്.

വാഹനം നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിക്കാൻ സാധിക്കുമോ എന്ന് പരിശോധിച്ച് സാധിക്കുമെങ്കിൽ ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വാഹനം ഒരു തരത്തിലും പഞ്ചായത്തിന് ഉപയോഗിക്കാൻ സാധിക്കില്ല എങ്കിൽ ഇക്കാര്യം അടിയന്തിരമായി സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തി വാഹനം കയ്യൊഴിയുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 39/14-11-23)

## 1-47 ഹരിതകർമ്മസേന അവലോകനം

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് മാലിന്യ സംസ്കരണം. ജൈവ, അജൈവ മാലിന്യങ്ങൾ, ഖര, ദ്രവ, വാതക മാലിന്യങ്ങൾ എന്നിങ്ങനെ വിവിധതരം മാലിന്യങ്ങൾ ഉണ്ടെങ്കിലും മൊറയൂർ ഗ്രാമപ്പഞ്ചായത്തിന്റെ നിലവിലെ സ്ഥിതി പരിഗണിക്കുമ്പോൾ ദ്രവ, വാതക മാലിന്യങ്ങൾ ഗൗരവതരമായ ഒരു പ്രശ്നമല്ല.

നിലവിലെ അവസ്ഥയിൽ ജൈവ, അജൈവ ഖര മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ആണ് പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധപതിയേണ്ടത്. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകിയുള്ള

പ്രവർത്തനങ്ങളാണ് പഞ്ചായത്ത് നടപ്പിലാക്കി വരുന്നത്. ഗ്രാമ പ്രദേശമായതിനാൽ ഉറവിട ജൈവ മാലിന്യ സംസ്കരണം ഏറക്കുറെ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നുമുണ്ട്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങളുടെ സംസ്കരണമാണ് നിലവിൽ ഗ്രാമപ്പഞ്ചായത്ത് നേരിടുന്ന ഗൗരവമായ വെല്ലുവിളി.

സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി അജൈവ മാലിന്യ നിർമാർജ്ജനം ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കേരള മിഷൻ, കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിനിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017 /ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

മൊറയൂർ ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ 2022-23 വരെയുള്ള പ്രവർത്തനം പരിശോധിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

**II.ഹരിത കർമ്മസേന – അടിസ്ഥാന വിവരങ്ങൾ.**

- 2020 മാർച്ച് മുതലാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. നിലവിൽ 18അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ ഉള്ളത്. 18 വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ ഹരിത കർമ്മസേനംഗങ്ങൾ ഒരുമിച്ച് എല്ലാ വാർഡുകളിലും മാലിന്യ ശേഖരണം നടത്തുന്ന രീതിയാണ് നിലവിലുള്ളത്.
- വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയുമാണ് യൂസർ ഫീ നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ 8300 ഓളം വീടുകൾ, 700 അധികം കടകൾ എന്നിവ ഹരിത കർമ്മസേന വിസിറ്റ് ചെയ്യുന്നുണ്ടെങ്കിലും ആറായിരത്തോളം വീടുകളും 350 ഓളം കടകളുമാണ് ഹരിതകർമ്മസേനയുമായി സഹകരിക്കുന്നത്.
- ഹരിത കർമ്മസേന അംഗങ്ങലിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട്, സെക്രട്ടറി, എന്നിവരുടെ നേതൃത്വത്തിലാണ് ഹരിതകർമ്മസേന പ്രവർത്തനങ്ങൾ നടത്തുന്നത്കേരള ഗ്രാമീണ ബാങ്ക് മൊറയൂർ ശാഖയിലെ അക്കൗണ്ടിലൂടെയാണ് സാമ്പത്തിക ഇടപാടുകൾ നടത്തിവരുന്നത്.
- ഹരിത കർമ്മസേനയുടെ പ്രധാന വരുമാന മാർഗ്ഗം യൂസർഫീ ,സ്ക്രാപ്പ് സെയിൽസ് എന്നിവയാണ്.

**III.അടിസ്ഥാനസൗകര്യങ്ങൾ**

ഹരിത കർമ്മസേന പ്രവർത്തനം സംന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം) തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ 1000 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണമുള്ള എം.സി.എഫുകൾ നിർമ്മിക്കുകയോ വാടകക്ക് ഏർപ്പെടുത്തിയിരിക്കുകയോ വേണം. ( 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020 /ത.സ്വ.ഭ.വ )

പഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനാവശ്യമായ MCF സൗകര്യങ്ങൾ ലഭ്യമല്ല. നിലവിൽ MCF പ്രവർത്തിക്കുന്ന സ്ഥലത്ത് സർക്കാർ നിർദ്ദേശപ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിൽ ആകെ ഏഴ് മിനി MCF ആണ് ഉള്ളത്. ഓരോന്നിന്റെയും ശരാശരി വിസ്തൃതി 20 സ്ക്വയർ ഫീറ്റ് മാത്രമാണ്. അതിനാൽത്തന്നെ ശേഖരിക്കുന്ന മാലിന്യങ്ങളുടെ 10 % പോലും മിനി MCF ൽ സൂക്ഷിക്കാൻ സാധിക്കുന്നില്ല.

ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ എം.സി.എഫ് കളിൽ എത്തിക്കുന്നതിന് പഞ്ചായത്ത് ഇലക്രിക് വാഹനം വാങ്ങിയിട്ടുണ്ടെങ്കിലും അത് നിലവിൽ ഉപയോഗിക്കുന്നില്ല.

**IV.പ്രവർത്തനങ്ങൾ**

**I) മാലിന്യ ശേഖരണം / കയ്യൊഴിക്കൽ**

ഹരിത കർമ്മസേനയിലെ അംഗങ്ങൾ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ വാടക വാഹനങ്ങൾ ഉപയോഗിച്ച് MCF ലേക്ക് എത്തിക്കുകയും അവിടെ വച്ച് തരം തിരിച്ച് വില്പന നടത്താവുന്നവ വില്പന നടത്തുകയും മറ്റുള്ളവ റിജക്ടഡ് വേസ്റ്റ് കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് നൽകി കൈയ്യൊഴിക്കുകയുമാണ് ചെയ്യുന്നത്.

എന്നാൽ നിലവിൽ പഞ്ചായത്തിലെ MCF ൽ മാലിന്യങ്ങൾ തരം തിരിക്കുന്നിനുള്ള സൗകര്യം ഇല്ലാത്തതിനാൽ ശേഖരിക്കുന്ന മാലിന്യം മുഴുവനായും റിജക്ടഡ് വേസ്റ്റ് ആയി കയറ്റി അയക്കുകയാണ് നിലവിൽ ചെയ്യുന്നത്. ഇത് പഞ്ചായത്തിന് അധികച്ചെലവ് വരുത്തുന്നതിന് ഇടയാക്കുന്നു എന്നത് കൂടാതെ ഹരിതകർമ്മസേനാംഗങ്ങൾക്ക് ലഭിക്കേണ്ട വരുമാനത്തിൽ കുറവ് വരുത്തുകയും ചെയ്യുന്നുണ്ട്.

**Ii) ട്രാൻസ്പോർട്ടേഷൻ**

ഹരിത കർമ്മസേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ MCF ൽ എത്തിക്കുന്നതിന് പഞ്ചായത്ത് ഹരിതകർമ്മസേനക്ക് ഒരു ഇലക്ട്രിക് ഗുഡ്സ് വാഹനം വാങ്ങി നൽകിയിട്ടുണ്ടെങ്കിലും അത് കേലവം ആറ് മാസം മാത്രമാണ് ഉപയോഗിച്ചത്. ലോഡ് കയറ്റി കയറ്റം കയറുന്നതിന് സാധിക്കുന്നില്ല എന്ന കാരണത്താൽ വാഹനം ഉപയോഗിക്കാതെ സ്വകാര്യ വ്യക്തിയുടെ ഗുഡ്സ് ടാക്സി വാഹനം വാടകക്ക് ഉപയോഗിക്കുകയാണ് ചെയ്യുന്നത്.

**വാഹന വാടക സമയബന്ധിതമായി നൽകുന്നില്ല.**

ഹരിത കർമ്മസേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ MCF ൽ എത്തിക്കുന്നതിന് ഉപയോഗിക്കുന്ന സ്വകാര്യ വ്യക്തിയുടെ ഗുഡ്സ് ടാക്സി വാഹന വാടക പഞ്ചായത്ത് യാഥാസമയം നൽകുന്നില്ല. ഹരിത കർമ്മസേനാംഗങ്ങൾക്ക് ലഭിക്കുന്ന യൂസർഫീ ഉപയോഗിച്ച് ഹരിതകർമ്മസേന തന്നെ വാടക നൽകുകയും പിന്നീട് പഞ്ചായത്ത് അത് റീക്ലപ്പ് ചെയ്ത് നൽകുകയുമാണ് ചെയ്യുന്നത്. 2023 നവംബർ മാസം വരെ യുള്ള വാടകയിനത്തിൽ 150,000 രൂപയോളം പഞ്ചായത്ത് ഹരിതകർമ്മസേനക്ക് നൽകുവാനുണ്ട്. വാഹന വാടക പഞ്ചായത്ത്ഫണ്ടിൽ നിന്ന് കരാറുകാരനമ് നേരിട്ട് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**യൂസർ ഫീ കളക്ഷൻ**

വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയുമാണ് യൂസർ ഫീ നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ 8300 ഓളം വീടുകൾ, 700 അധികം കടകൾ എന്നിവ ഹരിത കർമ്മസേന വിസിറ്റ് ചെയ്യുന്നുണ്ടെങ്കിലും ആറായിരത്തോളം വീടുകളും 350 ഓളം കടകളുമാണ് ഹരിതകർമ്മസേനയുമായി സഹകരിക്കുന്നത്.

പഞ്ചായത്തിൽ കെൽട്രോൺ മുഖേന ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കിയതിനാൽ ആപ്പ് മുഖേന സ്കാൻ ചെയ്താണ് യൂസർഫീ കളക്ഷൻ നടത്തുന്നത്. അതിനാൽത്തന്നെ ഫീസ് കളക്ഷന് രസീത് നൽകുന്നില്ല.

ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് ആപ്പ് മുഖേനയുള്ള താഴെ പരാമർശിക്കുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതായി ഹരിത കർമ്മസേനാംഗങ്ങൾ വ്യക്തമാക്കി.

1.ഇതിന്റെ ഭാഗമായി വീടുകളുടെ പുറം ചുവരിലെ ജനൽ, വാതിൽ എന്നിവിടങ്ങളിൽ പതിച്ച QR കോഡുകൾ പലതും നഷ്ടപ്പെട്ട് പോവുകയോ, സ്കാൻ ചെയ്യാൻ സാധിക്കാത്ത വിധത്തിൽ നശിച്ചുപോവുകയോ ചെയ്തിട്ടുണ്ട്.

2.ആപ്പ് പ്രവർത്തനം ശരിയായ വിധത്തിൽ നടക്കാത്തതും, മൊബൈൽ റേഞ്ച് ലഭ്യമല്ലാത്തതും പലപ്പോഴും സ്കാനിംഗിനെ ബാധിക്കുന്നുണ്ട്.

3.ഹരിതകർമ്മസേനക്ക് പണം നൽകുന്ന ഗുണഭോക്താക്കൾ രസീത് ചോദിക്കുന്നതിനനുസരിച്ച് രസീത് നൽകുന്നതിനുള്ള സംവിധനം ആപ്പിൽ ലഭ്യമല്ല. പല ഗുണഭോക്താക്കൾക്കും ഹരിത കർമ്മസേന കളക്ഷൻ നടത്തിയതിന്റെ വിവരം മെസേജ് ആയും ലഭിക്കുന്നില്ല.

**വരുമാന മാർഗ്ഗങ്ങൾ**

യൂസർ ഫീ, സ്ക്രാപ്പ് വില്പന എന്നീ ഇനങ്ങളിൽ ലഭിക്കുന്ന വരവ് മാത്രമാണ് പഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ വരുമാന മാർഗ്ഗങ്ങൾ. സാധാരണ വരുമാന മാർഗ്ഗങ്ങളായ യൂസർഫീ, സ്ക്രാപ്പ് വില്പന വരവ് എന്നിവയ്ക്ക് പുറമെ ഹരിത കർമ്മസേനയുടെ വരുമാന മാർഗ്ഗങ്ങളായി നടപ്പിലാക്കാവുന്ന വിവിധ പ്രവർത്തനങ്ങൾ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മാലിന്യ ശേഖരണം എന്നതിലുപരി ഇതിനെ ഒരു സംരംഭമായി വളർത്തി മാന്യമായ തൊഴിൽ മേഖലയാക്കി മാറ്റുന്നതിന് സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതുണ്ട്.

**VII)ചെലവിന്റെ വിവരം**

2022-23 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് ഫണ്ട് ചെലഴിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു

| പ്രൊജക്ട് | ചെലവ് | കുറിപ്പ് |
|---|---|---|
| (63/23)മാലിന്യ ശേഖരണം പാഴ്വസ്തുക്കൾ ശേഖരിക്കുന്നതിനായി ചാക്ക് വിതരണം ചെയ്യൽ | 163807 | |
| (61/23)ഹരിത കർമ്മസേനക്ക് ഉപകരണങ്ങൾ വാങ്ങൽ | 41340 | |
| (49/23)ഹരിത ഗ്രാമം പദ്ധതി | 534565 | |
| (90/23)MCF സ്ഥാപിക്കൽ | 50003 | |
| (91/23)സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം സ്ഥാപിക്കൽ | 60094 | |
| (71/23)ഹരിത കർമ്മസേനക്ക് വാഹനം വാങ്ങൽ | 17096 | |
| (39/23)ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ | 201556 | |
| (80/23)മിനി MCFസ്ഥാപിക്കൽ | 237400 | |

**VIII)രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ്.**

ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകളും വരവ് രേഖകളും ശരിയായി എഴുതി സൂക്ഷിക്കേണ്ടതാണ്.

**IX)ശുപാർശകൾ.**

- ഹരിത കർമ്മസേനയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങളുള്ള MCF, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് നടപടികൾസ്വീകരിക്കുക.
- ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉത്തരവിൽ പരാമർശിച്ച പ്രവർത്തനങ്ങളിൽ അനുയോജ്യമായവ ഹരിത കർമ്മസേന മുഖേന നടപ്പിലാക്കുക.
- ഹരിത കർമ്മ സേനയുടെ പ്രവർത്തനം സർക്കാർ നിർദ്ദേശപ്രകാരം സുഗമമായും സുതാര്യമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

.മാലിന്യസംസ്കരണത്തിന് പൊതു ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും, മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൽ നടത്തുക

## 1-48 പാലിയേറ്റീവ് ബാങ്ക് അക്കൗണ്ട്- രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

പഞ്ചായത്തിൽ പരിരക്ഷ പദ്ധതിക്ക് സ്വകാര്യ വ്യക്തികളിൽ നിന്ന് ലഭിക്കുന്ന സംഭാവന സ്വീകരിക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് നിലവിലുണ്ട്. ( മൊറയൂർ സർവീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് നമ്പർ MOR0020050011764 )

2022-23 വർഷത്തിൽ ഈ അക്കൗണ്ടിൽ ₹100,000 വരവ് വന്നിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണ പ്രവർത്തന മാർഗ്ഗരേഖ ( സ.ഉ (സാധാ) 553/2019 /ത.സ്വ.ഭ.വ തി. 07.03.2019) പ്രകാരം സർക്കാർ ഇതര സംഘടനകൾ, വ്യക്തികൾ തുടങ്ങി പൊതു സമൂഹത്തിൽ നിന്നുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് താഴെ പരാമർശിക്കും പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

1.സർക്കാർ ആശുപത്രിയിലെ HMC ക്ക് പ്രത്യേക അക്കൗണ്ട് ആരംഭിക്കാവുന്നതാണ്.

2.വരവിന് പ്രത്യേക കൈപ്പറ്റ് രസീത് നിശ്ചിത മാതൃകയിൽ നൽകണം.

3.ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണം.

4.വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കണം

5.രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ ഉണ്ടായിരിക്കണം.

പഞ്ചായത്തിൽ പരിരക്ഷ പദ്ധതിക്ക് സംഭാവന സ്വീകരിക്കുന്നതിന് ആരംഭിച്ച അക്കൗണ്ട് മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പാലിച്ചല്ല ആരംഭിച്ചിരിക്കുന്നത്. വരവിന്റെ രസീത്, വരവ് ചെലവ് രേഖകൾ എന്നിവയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 5/7-11-23)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഗുണഭോക്തൃ കമ്മിറ്റി പ്രവൃത്തി - ചെലവ് പെരുപ്പിച്ച് കാണിച്ചു- ₹ 65901 അധികച്ചെലവ്

2022-23 ൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ അരിമ്പ്ര ജിഎംയുപി സ്കൂൾ നവീകരണം ( 105/23 ) എന്ന പ്രവൃത്തി സ്കൂൾ പി.ടി.എ കമ്മിറ്റി മുഖേന ഗുണഭോക്തൃ സമിതി പ്രവൃത്തിയായാണ് നടപ്പിലാക്കിയത്.

ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കി ഡി.ബി 1/ 1559/2010/ സി.ഇ/ ത.സ്വ.ഭ.വ തിയ്യതി 13.11.2014 സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം ഗുണഭോക്തൃ സമിതിക്ക് പണം നൽകുന്നത് സമിതിയുടെ യഥാർത്ഥ ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണ് കുറവ് അതായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പരാമർശിക്കപ്പെട്ട പ്രവൃത്തിയിൽ സ്കൂളിന്റെ ക്ലാസ്സ് മുറികളിൽ ടൈൽ പതിക്കുന്നതിനുള്ള ഒരിനം പ്രവൃത്തി മാത്രമാണ് ഉൾപ്പെടുത്തിയത്. ( DSR Data 11.37 )

പ്രവൃത്തിയുടെ വിശദ വിവരം താഴെ നൽകുന്നു.

പ്രവൃത്തി - അരിമ്പ്ര ജിഎംയുപി സ്കൂൾ നവീകരണം ( 105/23 )

TS – 85971/ 2021-2022 Dt 19.02.2022 ₹ 300000 (36.44% CI)

കൺവീനർ - സൈതലവി (ഹെഡ് മാസ്റ്റർ അരിമ്പ്ര ജിഎംയുപി സ്കൂൾ )

കരാർ - AE/LSGD/MYR/115/2021-22 Dt 21.03.2022

M Book – 03/2022-23

മൂല്യ നിർണ്ണയം- 267696.84

ചെലവ് - 299820 ( GST ഉൾപ്പെടെ) [ 22151052003100603031 / 01.10.2022 ]

പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം 261.05 $M^2$ വിസ്തൃതിയിലാണ് ടൈൽ പതിക്കൽ പ്രവൃത്തി നടത്തിയിട്ടുള്ളത് എന്ന് വ്യക്തമായി.

പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ ലഭ്യമായ ഗുണഭോക്തൃ സമിതി 15.05.2022 ലെ യോഗ ത്തിൽ അംഗീകരിച്ച ചെലവ് കണക്കുകൾ താഴെ നൽകുന്നു.

| ഇനം | ചെലവ് (നികുതി ഉൾപ്പെടെ ) | കുറിപ്പ് |
|---|---|---|
| ടൈൽസ് (2944SqFt ) | 119544 | കള്ളിയത് സെറാമിക് സെന്റർ വള്ളുവമ്പ്രം ന്റെ 07.06.2022 ലെ KCC/ 68 നം ഇൻവോയ്സ്. |
| സിമന്റ് (140 Bags ) 50 Kg/ Bag | 54600 | നജാത്ത് ഏജൻസീസ് കൊണ്ടോട്ടിയുടെ 15.07.2022 ലെ 2022-23/611-AN , 2022-23/612-AN നം ഇൻവോയ്സുകൾ |
| എം സാന്റ് (600 Cubic Feet ) | 19201 | അൽ അമീൻ ക്രഷേർസ് മേൽമുറിയുടെ 07.06.22 ലെ AL/2022-23/2947, 08.06.22 ലെ AL/2022-23/2967, AL/2022-23/3008, 09.06.22 ലെ AL/2022-23/3088 നം ഇൻവോയ്സുകൾ |
| ലേബർ (146 Labour) | 107700 | 2022 ഏപ്രിൽ, മെയ് മാസങ്ങളിലെ മസ്റ്റർ റോൾ) |
| ആകെ | 301045 | |

ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി നിർവഹണത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

**1) ചെലവ് പെരുപ്പിച്ച് കാണിച്ച് അർഹമായതിലും അധികം പണം കൈപ്പറ്റി.**

ഗുണഭോക്തൃ സമിതിക്ക് പണം നൽകുന്നത് സമിതിയുടെ യഥാർത്ഥ ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണ് കുറവ് അതായിരിക്കും എന്ന് സർക്കാർ വ്യക്തമാക്കിയതാണ്. എന്നാൽ ഈ പ്രവൃത്തിയിൽ

പ്രവൃത്തി നടത്തുന്നതിന് യഥാർത്ഥത്തിൽ ആവശ്യമായതിൽ കൂടുതൽ സാധന സാമഗ്രികളും തൊഴിലാളികളെയും ഉപയോഗിച്ചതായി കാണിച്ച് പ്രവൃത്തിയുടെ ചെലവ് പെരുപ്പിച്ച് കാണിച്ച് യഥാർത്ഥചെലവിനെക്കാൾ പണം ഗുണഭോക്തൃ കമ്മിറ്റി കൈപ്പറ്റിയിട്ടുണ്ട്.

ഗുണഭോക്തൃ കമ്മിറ്റി നടത്തിയ മേൽ പരാമർശിക്കപ്പെട്ട ടൈൽ പതിക്കൽ പ്രവൃത്തി നടത്തുന്നതിന് സർക്കാർ അംഗീകൃത ഡാറ്റ പ്രകാരം ആവശ്യമായ സാധനങ്ങളുടെയും , തൊഴിലാളികളുടെയും വിവരം താഴെ നൽകുന്നു.

DSR DATA 11.37

| ഇനം | ഒരു $M^2$ പ്രവൃത്തിക്ക് ആവശ്യമായ അളവ് | $261.05m^2$ പ്രവൃത്തിക്ക് ആവശ്യമായ അളവ് | കമ്മിറ്റി സമർപ്പിച്ച ബിൽ പ്രകാരം വാങ്ങിയതായി കാണിച്ച അളവ് |
|---|---|---|---|
| ടൈൽസ് | 1.025 $M^2$ | 268 $M^2$ = 2886 Sqft | 2944 Sqft |
| മണൽ | 0.026 $M^3$ | 6.79 $M^3$ = 240 Cubic Feet | 600 Cubic Feet |

| | | | |
|---|---|---|---|
| സിമന്റ് | 12.42 Kg | 3250 Kg= 65 Bag | 140 Bag |
| ലേബർ | 0.42 Labour | 110 Labour | 146 Labour |

മേൽ പരാമർശിച്ചതിൽ നിന്നും മണൽ, സിമന്റ് , ലേബർ എന്നിവ ആവശ്യമായതിലും വലരെക്കൂടുതൽ ചെലവഴിച്ചു എന്ന് കാണിച്ച് ചെലവ് പെരുപ്പിച്ച് കാണിച്ചാണ് ഗുണഭോക്തൃ കമ്മിറ്റി ചെലവ് രേഖ സമർപ്പിച്ചത് എന്ന് വ്യക്തമാണ്.

ഒരു പ്രവൃത്തി ഗുണനിലവാരത്തോടെ നടത്തുന്നതിന് ആവശ്യമായ സാധനങ്ങൾ, സേവനങ്ങൾ എന്നിവ ശാസ്ത്രീയമായി കണക്കാക്കി തയ്യാറാക്കുന്ന മരാമത്ത് പ്രവൃത്തിയുടെ DATA യിൽ അംഗീകരിച്ചതിനെക്കാൾ ഇരട്ടിയിൽ കൂടുതൽ സാധനങ്ങളും വളരെയധികം തൊഴിലും പ്രവൃത്തിക്ക് ഉപയോഗിച്ചു എന്ന് കാണിച്ച് സമർപ്പിച്ച ചെലവ് രേഖ അംഗീകരിക്കാനാവില്ല.

അധികമായി കൈപ്പറ്റിയ തുകയുടെ വിവരം താഴെ നൽകുന്നു.

| ഇനം | കമ്മിറ്റി സമർപ്പിച്ച ബിൽ പ്രകാരം വാങ്ങിയതായി കാണിച്ച അളവ് | പ്രവൃത്തിക്ക് ആവശ്യമായ അളവ് | അധികമായി കാണിച്ച ചെലവ് | കുറിപ്പ് |
|---|---|---|---|---|
| മണൽ | 600 Cubic Feet | 240 Cubic Feet | 11320 | അധികമായി ബിൽ സമർപ്പിച്ച 360 Cubic Feet M Sand വില |
| സിമന്റ് | 140 Bag | 65 Bag | 29250 | അധികമായി ബിൽ സമർപ്പിച്ച 75 Bag Cement വില |
| ലേബർ | 146 Labour | 110 | 26556 | അധികമായി കാണിച്ച 36 ലേബർ നൽകിയ ശരാശരി കൂലി |
| | | ആകെ | 67126 | |

കമ്മിറ്റി അംഗീകരിച്ച ചെലവ് ( നികുതി ഉൾപ്പെടെ ) - 301045

- അധികമായി കാണിച്ച സാധനങ്ങളുടെയും, തൊഴിലിന്റെയും ചെലവ് - 67126

പ്രവൃത്തിയുടെ യഥാർത്ഥ ചെലവ് ( നികുതി ഉൾപ്പെടെ) - 233919

പ്രവൃത്തിക്ക് അനുവദിക്കാവുന്ന തുക - 233919

നികുതി ഉൾപ്പെടെ അനുവദിച്ച തുക - 299820

അധികമായി നൽകിയത് - 65901

പ്രവൃത്തി നടത്തുന്നതിന് യഥാർത്ഥത്തിൽ ആവശ്യമായതിൽ കൂടുതൽ സാധനങ്ങൾ, ലേബർ എന്നിവ ഉപയോഗിച്ചതായി കാണിച്ച് സമർപ്പിച്ച ബിൽ, ചെലവ് പത്രിക എന്നിവ അംഗീകരിച്ച് പണം നൽകി ₹ 65901 പഞ്ചായത്തിന് അധികച്ചെലവ് വരുത്തി.

**2) സംശയാസ്പദമായ ചെലവ് രേഖകൾ**

പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം പ്രവൃത്തി അളവ് രേഖപ്പെടുത്തിയത് 12.05.2022 ന് ആണ്.

സമർപ്പിക്കപ്പെട്ട മസ്റ്റർ റോൾ പ്രകാരം 04.04.2022 മുതൽ 07.05.2022 വരെ വിവിധ തിയ്യതികളിലായി പ്രവൃത്തി നടത്തിയതായാണ് രേഖപ്പെടുത്തിയത്.

പ്രവൃത്തിക്ക് ടൈൽ, മണൽ. സിമന്റ് എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ പ്രവൃത്തി പൂർത്തീകരിച്ച് വളരെക്കാലത്തിന് ശേഷം ജൂൺ, ജൂലൈ മാസങ്ങളിലുള്ളതാണ്. ഹാജരാക്കിയ ചെലവ് രേഖകൾ ബില്ലുകൾ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം എന്നുള്ള സർക്കാർ നിർദ്ദേശവും പാലിച്ചിട്ടില്ല അതിനാൽത്തന്നെ സമർപ്പിക്കപ്പെട്ട ബില്ലുകളുടെ ആധികാരികതയും സംശയാസ്പദമാണ്.

ഗുണഭോക്തൃ സമിതി മുഖേന നടത്തുന്ന പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് മേൽ പരാമർശിക്കപ്പെട്ട പ്രവൃത്തി നടത്തിയത് എന്നും പ്രവൃത്തിക്ക് പണം അനുവദിച്ച് നൽകിയത് എന്നും വ്യക്തമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗുണഭോക്തൃ സമിതിക്ക് പ്രവൃത്തി നടത്തുന്നതിന് യഥാർത്ഥത്തിൽ ചെലവായ തുകയോ, അല്ലെങ്കിൽ ബിൽ പ്രകാരമുള്ള തുകയോ ഏതാണ് കുറവ് അതു മാത്രമെ ഗുണഭോക്തൃ സമിതിക്ക് അനുവദിക്കാവൂ എന്ന വ്യക്തമായ സർക്കാർ നിർദ്ദേശം ഉണ്ടായിട്ടും അത് പാലിക്കാതെ ഗുണഭോക്തൃ സമിതി സമർപ്പിച്ച ചെലവ് രേഖകൾ പരിശോധന നടത്താതെ അംഗീകരിച്ച് യഥാർത്ഥ ചെലവിനേക്കാളും പണം അനുവദിച്ച് നൽകിയത് വഴി പഞ്ചായത്തിന് അധികച്ചെലവായ ₹65901 പ്രവൃത്തി ഗുണഭോക്തൃ സമിതിയിൽ നിന്നോ അതിന് സാധിക്കാത്ത പക്ഷം പ്രൊജക്ട് നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ച | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 135000 | എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ( പ്രൊജക്ട് നമ്പർ:135/23) | 135000 | 0 |
| | 1560000 | ലൈഫ് ഭവന പദ്ധതി -ഭൂമിയുള്ള ഭവന രഹിതർ (പ്രൊജക്ട് നമ്പർ:143/23) | 156000 | 0 |
| | 300000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ( പ്രൊജക്ട് നമ്പർ:146/23) | 300000 | 0 |
| | 480000 | ലൈഫ് ഭവന പദ്ധതി ഭൂമിയുള്ള ഭവന രഹിതർ , എസ് സി(പ്രൊജക്ട് നമ്പർ:149/23) | 480000 | 0 |
| | 200000 | ലൈഫ് ഭവന പദ്ധതി ഭൂരഹിതർക്ക് ഭൂമി വാങ്ങൽ ,എസ് സി(പ്രൊജക്ട് നമ്പർ:353/23) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 30000 | ജനകീയ ഹോട്ടൽ (പ്രൊജക്ട് നമ്പർ:140/23) | 30000 | 0 |
| | 1720000 | ലൈഫ് ഭവന പദ്ധതി -ഭൂമിയുള്ള ഭവന രഹിതർ (പ്രൊജക്ട് നമ്പർ:143/23) | 1720000 | 0 |
| | 900000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ( പ്രൊജക്ട് നമ്പർ:146/23) | 900000 | 0 |
| | 2572200 | ലൈഫ് ഭവന പദ്ധതി ഭൂമിയുള്ള ഭവന രഹിതർ ,എസ് സി(പ്രൊജക്ട് നമ്പർ:149/23) | 2572200 | 0 |
| | 187000 | വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ജൈവവളം കൂലിച്ചെലവ് സബ്സിഡി(പ്രൊജക്ട് നമ്പർ:187/23) | 187000 | 0 |
| | 115000 | നെൽകൃഷിക്ക് വിത്ത് ജൈവവളം- കൂലിച്ചെലവ് സബ്സിഡി(പ്രൊജക്ട് നമ്പർ:295/23) | 115000 | 0 |

| | | | | |
|---|---|---|---|---|
| | 200000 | പാലിന് സബ്സിഡി(പ്രൊജക്ട് നമ്പർ:296/23) | 200000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെഎസ്ഇബി | താന്നിക്കൽ സലഫി റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ(178/23) | 22200966/6.3.2023 | 170788 | 170788 | പൂർത്തീകരിച്ചു | 0 |
| | മോങ്ങം ഒരണ്ടിപ്പാറ റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ(77/23) | 22200966/6.3.2023 | 96760 | 96760 | പൂർത്തീകരിച്ചു | 0 |
| | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (40/23) | 22201037/31.3.2023 | 294122 | 294122 | പൂർത്തീകരിച്ചു | 0 |
| | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ രണ്ടാം ഘട്ടം(309/23) | 22201037/31.3.2023 | 280000 | 280000 | പൂർത്തീകരിച്ചു | 0 |
| ഭൂജല വകുപ്പ് | ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം(346/22) | 1/4-2-23 | 627484 | 429120 | പൂർത്തീകരിച്ചു | 198364 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം ലഭ്യമായ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി-KURDFC | G.O.(MS)No. 68/2018/LSGD തിയതി 18.05.18 | 4800000 | 218240 | 2141471 | 0 | 2876769 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1281941 |
| തൻ വർഷം നിക്ഷേപിച്ച തുക | 68639 |
| ആകെ | 1350580 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1350580 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രസീതി നമ്പർ/തീയതി |
|---|---|---|
| കേരള ഗ്രാമീൺ ബാങ്ക്, മൊറയൂർ | 1350580 | 773363/29-6-22 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി |
|---|---|---|---|---|
| 2021-22 | 1-18 | 20278 | കുഞ്ഞിമൊയ്തു കെ | 1220102632/18-11-22 |

| | | | | |
|---|---|---|---|---|
| | | | കെ | |
| 2021-22 | 1-18 | 6344 | അബ്ദുൽ അസീസ് | 1220102640/18-11-22 |
| 2021-22 | 1-18 | 9245 | ജിജോ കെ എം | 1220102643/18-11-22 |
| 2021-22 | 1-12 | 720 | അബ്ദുൽ റസാഖ് | 1220102649/19-11-22 |
| 2021-22 | 1-18 | 10055 | യർബാഷ് പി | 1220102651/19-11-22 |
| 2021-22 | 1-12 | 2880 | നിയോവിറ്റ | 1220102657/19-11-22 |
| 2013-14,2014-25 | 2-4(10) | 316 | അലവി കയ്യേരി | 1220200938/5-12-22 |
| | 2-4(11) | 177 | അഹമ്മദ് ഹാജി | 1220200938/5-12-22 |
| | | 240 | ബീരാൻകുട്ടി | 1220104768/27-01-23 |
| 1998-99 | 43 | 2963 | ഇസാൻ ജോസ് | 1220100612/6-6-23 |
| ആകെ | . | 53218 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | | വസ്തു നികുതി രേഖകൾ പൂർണ്ണമല്ല | നടപടി തുടർന്ന് വരുന്നു |
| 2019-20 | 1-15 | 2020-21 | | ക്വട്ടേഷൻ ക്ഷണിക്കാതെ പർച്ചേസ് നടത്തിയത് സംബന്ധിച്ച് | നടപടി തുടർന്ന് വരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**എ) ചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക**

ഇല്ല.

**ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക**

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1997-98 | 49-1 | ശ്രീമതി. ലളിത എ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF2732/ Sp.cell/ Sc5/04 Dt 30.10.04 | 13339/- | -- | -- | -- | -- | -- | 13339/- |
| 2 | 1998-99 | 43 | ശ്രീ. ഐസൻ ജോസ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 23209/ Spl.cell/ Sc5/04 Dt 12.12.05 | 2963/- | -- | -- | -- | -- | -- | 2963/- |
| 3 | 1998-99 | 29(b) | ശ്രീ. സി ശിവദാസൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 23209/ Spl.cell/ Sc5/04 Dt 12.12.05 | 2500/- | -- | -- | -- | -- | -- | 2500/- |
| 4 | 1999-00 | 3-12,3-13, 3-14,3-15, | ശ്രീ. ഐസൻ ജോസ്, | LF 18020/ Spl.cell/ | 100367/- | -- | -- | 100367/- (OP74/ | -- | -- | 100367/- |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 3-16,3-17, 3-23, 3-23(b), 3-24, 3-26(1), 3-26(2), 3-26(3), 3-27,3-28, 3-29, 3-30,3-31, 3-32, 3-33, 3-34,3-35, 3-38, 3-52(1), 3-52(2). | ഗ്രാമപഞ്ചായത്ത് സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | SC5/07 24.03.09/ 28.04.09 | | | | 09 Allow Ed 30-11-17) | | | |
| 5 | 1999-00 | 3(8), 3(9) 3(10) 3(11), 3(20) | ശ്രീ. സി ശിവദാസൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 18020/ Spl.cell/ SC5/07 24.03.09/ 28.04.09 | 6740/- | -- | -- | -- | -- | -- | 6740/- |
| 6 | 2001-02 | 3-5 | ശ്രീമതി. കെ.പി രതി, ഗ്രാമപഞ്ചായത്ത് സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 18849/ Spl.cell/ SC5/06 7.5.09/ 11.5.09 | 7875/- | -- | -- | -- | -- | -- | 7875/- |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 147053527 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 144565683 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 65901 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,37,800 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 65901 | ശ്രീ. ഉസ്മാൻ പി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 20,00000 | ശ്രീ മജീദ്.എം, സെക്രട്ടറി |
| 1-24 | 4,07,800 | ശ്രീ മജീദ്.എം, സെക്രട്ടറി |
| 1-26 | 3,45,000 | ശ്രീ മജീദ്.എം, സെക്രട്ടറി |
| 1-30 | 2,85,000 | ശ്രീ മജീദ്.എം, സെക്രട്ടറി |
| ആകെ | 30,37,800 | |

**സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ .ഉസ്മാൻ പി കെ , അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മൊറയൂർ ഗ്രാമപഞ്ചായത്ത് | പങ്ങിണിക്കാടൻ, വെള്ളില, മങ്കട പിഒ, മലപ്പുറം 679324 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-1998 | കെ.എസ്.എ.എം.പി.എം.22/436/22 തിയ്യതി 22.10.22 | 22 |
| 1998-1999 | കെ.എസ്.എ.എം.പി.എം.22/437/22 തിയ്യതി 22.10.22 | 9 |
| 1999-2000 | കെ.എസ്.എ.എം.പി.എം.22/438/22 തിയ്യതി 22.10.22 | 29 |
| 2000-2001 | എൽ എഫ് എം 17/417/05 തിയ്യതി 23.10.10 | 29 |
| 2001-2002 | കെ.എസ്.എ.എം.പി.എം.22/440/22 തിയ്യതി 22.10.22 | 13 |
| 2003-2004 | കെ.എസ്.എ.എം.പി.എം.22/442/22 തിയ്യതി 22.10.22 | 1 |
| 2004-2005 | കെ.എസ്.എ.എം.പി.എം.22/443/22 തിയ്യതി 22.10.22 | 1 |
| 2006-2007 | കെ.എസ്.എ.എം.പി.എം.22/445/22 തിയ്യതി 22.10.22 | 5 |
| 2007-2008 | കെ.എസ്.എ.എം.പി.എം.22/446/22 തിയ്യതി 22.10.22 | 09 |
| 2008-09,09-10, 10-11 | കെ.എസ്.എ.എം.പി.എം.22/2657/2022 തിയ്യതി 27-5-2023 | 14 |
| 2011-12,12-13 | കെ എസ് എ എം പി എം 11/225/15 തിയ്യതി 26.08.17 | 5 |
| 2013-14,14-15 | കെ എസ് എ എം പി എം 22/2982/22(1) തിയ്യതി 11-04-23 | 3 |
| 2015-2016 | കെ.എസ്.എ.എം.പി.എം22/1759/2020തീയതി.7 /12/20 | 1 |
| 2016-2017 | കെ.എസ്.എ.എം.പി.എം.22/1827/2017 തീയതി: 23-8-17 | 21 |
| 2017-2018 | കെ.എസ്.എ.എം.പി.എം.22/812/2021 തീയതി: 06-07-2021 | 2 |
| 2018-19 | കെ.എസ്.എ.എം.പി.എം.22/813/2021 തീയതി: 20-07-2021 | 12 |
| 2019-20 | കെ.എസ്.എ.എം.പി.എം.22/1315/22 തീയതി: 12-08-2022 | 4 |
| 2020-21 | കെ.എസ്.എ.എം.പി.എം.22/1220/2021(1) തീയതി: 01-07-23 | 10 |
| 2021-22 | കെ.എസ്.എ.എം.പി.എം.22/1985/2023/ തീയതി: 17-04-23 | 10 |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 10-07-2023 and submitted on 22-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Morayur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Morayur Grama Panchayat for the year 2022-2023

**Date: 20/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Morayur Grama Panchayat for the Year 2022-2023 .

**1.Major Observations**

1.The asset value shown in balance sheet is not traceable to Asset Register due to unsupported design of existing Asset Register.

**2.Other Observations**

1.The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),2011 are not submitted for audit.
a)Ratios
b)notes on accounts
c) comparative amounts of previous year.
2.Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3.Excess of Income over expenditure in balance sheet(B1 shedule) do not match with the closing balance of trial balance.
4.The advance payment given to KSEB and GWD for deposit work not booked in the Advance head of AFS.

## അനുബന്ധം–2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്